# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ദേലംപാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.7/739/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 08/11/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേലംപാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.7/739/2023 തീയ്യതി: 08/11/2023

## കാസർഗോഡ് ജില്ലയിലെ ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. രേഖ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 12-09-2023 | 20-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-09-2023 | 20-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വിനോദ് കുമാർ. വി, ഓഡിറ്റ് ഓഫീസർ

ശ്രീ. ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ബാബു. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. കുഞ്ഞിക്കൃഷ്ണൻ. കെ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അരുൺദേവ് വി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. എ.പി.ഉഷ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ദേവ് ലാൽ.ബി | സെക്രട്ടറി | 01-04-2022 | 23-01-2023 |
| ശ്രീ. ദീപക് നായർ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുധി സുകുമാരൻ | വെറ്റിനറി സർജൻ-ഇൻ-ചാർജ് | 01-04-2022 | 31-03-2023 |
| ഡോ.ബേബി നാരായണൻ നന്ദൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 03-05-2022 |
| ഡോ.സരള.എ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 04-05-2022 | 31-03-2023 |
| ഡോ.രേഖ.എസ്.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ജയശ്രീ.കെ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2022 | 29-05-2022 |
| ഡോ.ദർശന.ആർ നായർ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 30-05-2022 | 06-01-2023 |
| ഡോ.രശ്മി.പി.കെ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 07-01-2023 | 31-03-2023 |
| രാജേഷ്.കെ | വി.ഇ.ഒ - ദേലംപാടി | 01-04-2022 | 31-03-2023 |
| സജിൻ.ടി | വി.ഇ.ഒ - അഡൂർ | 01-04-2022 | 12-05-2022 |
| ജിജിൻ.പി.എസ് | വി.ഇ.ഒ - അഡൂർ | 13-05-2022 | 31-03-2023 |
| സുധ.എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| സതീശൻ.എം.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 18-05-2022 |
| തുളസീധരൻ.എൻ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 19-05-2022 | 05-08-2022 |
| സന്ദേശ് കുമാർ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 06-08-2022 | 07-12-2022 |
| റോയ് മാത്യു | അസിസ്റ്റന്റ് എഞ്ചിനീയർ | 08-12-2022 | 31-03-2023 |
| കൃഷ്ണൻ അത്തിക്കൽ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| സുകുമാരൻ.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഹംസ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 04-05-2022 |
| ജറുസൻ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 04-05-2022 | 31-10-2022 |
| ദീപക് നായർ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 31-10-2022 | 31-03-2023 |
| ശ്വേതശ്രീ മോഹനൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | എ.സി.ആർ - ചെലവ് പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ഇ-പേമെന്റ് തുക ബാങ്കിൽ ക്രഡിറ്റായിട്ടില്ല | 1-1-4 |
| 6 | കേരള ഗ്രാമീൺ ബാങ്ക് തനത് അക്കൗണ്ടിൽ വരവുവരാത്ത തുകയുടെ വിശദാംശം ലഭ്യമല്ല. | 1-1-5 |
| 7 | ഗുണഭോക്തൃ വിഹിതമിനത്തിലെ തുക ചെലവഴിക്കാതെ നിലനിൽക്കുന്നു | 1-1-6 |
| 8 | അഡ്വാൻസ് തുക ക്രമീകരിക്കാതെ നിലനിൽക്കുന്നു. | 1-1-7 |
| 9 | ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ തുക വർഷങ്ങളായി നിലനിൽക്കുന്നു | 1-1-8 |
| 10 | ഡെപ്പോസിറ്റ് ഇനത്തിലെ ബാധ്യതയായി വർഷങ്ങളായി നിലനിൽക്കുന്ന തുകകളുടെ വിശദാംശം, ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല. | 1-1-9 |
| 11 | ധനകാര്യപത്രിക ബി-9 ഷെഡ്യൂൾ പ്രകാരം വർഷങ്ങളായി നിലനിൽക്കുന്ന ബാധ്യത തുകകളുടെ വിശദാംശം ലഭ്യമായിട്ടില്ല | 1-1-10 |
| 12 | പലിശ ഇനത്തിലെ വരവ് ജലനിധിയുടെ ഫണ്ടിലേക്ക് വരവു വച്ചിട്ടില്ല | 1-1-11 |
| 13 | വസ്തു നികുതി ഇനത്തിലെ തൻവർഷം , കുടിശ്ശിക എന്നിവയിലെ ഡി.സി.ബി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | വാടക ഇനത്തിലെ വരവ് - രജിസ്റ്റർ, ധനകാര്യപത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല – പിഴ പലിശ ഇനത്തിലെ വരവ് വാടകയായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-13 |
| 15 | സംഭാവനയായി ലഭിച്ച തുക തനത് ഫണ്ട് അക്കൗണ്ടിൽ ഒടുക്കുവരുത്തിയിരിക്കുന്നു | 1-1-14 |
| 16 | ലേലമിനത്തിലെ വരവ് തുക ഡെപ്പോസിറ്റിൽ ബാധ്യതയായി നിലനിൽക്കുന്നു. | 1-1-15 |
| 17 | ട്രഷറി അക്കൗണ്ട് വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-16 |
| 18 | മറ്റ് യൂസർ ചാർജ് ഇനത്തിലെ വരവ് സംബന്ധിച്ച വിശദാംശം / രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-17 |
| 19 | അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ ആസ്തിയേക്കാൾ അധികരിച്ച് നിൽക്കുന്നു | 1-1-18 |
| 20 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-19 |
| 21 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-20 |

| | | |
|---|---|---|
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക അവലോകനം | 1-3 |
| 24 | ഗ്രാന്റ് വിനിയോഗം | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 27 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം | 1-7 |
| 28 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 29 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 30 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 1-10 |
| 31 | റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്തിട്ടില്ല. | 1-11 |
| 32 | ഗുണഭോക്താക്കളുടെ മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു. | 1-12 |
| 33 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി-മുൻകൂർ തുക നൽകിയിട്ടും മുഴുവൻ തുകയുടേയും മരുന്ന് ലഭിച്ചിട്ടില്ല. | 1-13 |
| 34 | മുളിയാർ സി.എച്ച്.സി ഡയാലിസിസ് യൂണിറ്റിന് വിഹിതം നൽകിയത്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-14 |
| 35 | ലൈഫ് ഭവന പദ്ധതി, ഒ.ഡി.എഫ് -ഗുണഭോക്താക്കൾ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. | 1-15 |
| 36 | ആട് വളർത്തൽ വനിതകൾ (ജനറൽ) ഗുണഭോക്താവിന് സബ്സിഡി തുക അധികം അനുവദിച്ചു. | 1-16 |
| 37 | മല്ലംപാറ എസ്.ടി കോളനി കമ്മ്യൂണിറ്റി ഹാളിന് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതി - അപാകതകൾ | 1-17 |
| 38 | വൃദ്ധർക്കും കിടപ്പിലായവർക്കും കട്ടിൽ(എസ്.സി) വിതരണം - അപാകതകൾ. | 1-18 |
| 39 | ആന മതിൽ പദ്ധതി-ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ.- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-19 |
| 40 | വൃദ്ധർക്കും കിടപ്പിലായവർക്കും കട്ടിൽ(എസ്.ടി) വിതരണം അപാകതകൾ. | 1-20 |
| 41 | പട്ടിക വർഗ്ഗ വിഭാഗത്തിലെ കർഷകർക്ക് തെങ്ങിൻ തൈ വിതരണം അപാകതകൾ | 1-21 |
| 42 | പട്ടിക വർഗ്ഗ വിഭാഗത്തിലെ കർഷകർക്ക് മാവിൻതൈ വിതരണം - അപാകതകൾ | 1-22 |
| 43 | പോഷകവാടി പദ്ധതി നടപ്പിലായിട്ടില്ല - ചെലവ് തുകയായ 75,000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 44 | പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം - അപാകതകൾ. | 1-24 |

| | | |
|---|---|---|
| 45 | പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം - അപാകതകൾ. | 1-25 |
| 46 | ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള പദ്ധതി (75/23) | 1-26 |
| 47 | Rtrack ആപ്ലിക്കേഷനിൽ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കൽ- പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 48 | തനതു വരുമാനത്തിന്റെ അവലോകനം | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ആട് വളർത്തൽ വനിതകൾ (ജനറൽ) പദ്ധതി ഗുണഭോക്താവിന് സബ്സിഡി തുക അധികം അനുവദിച്ചു. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡിപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച രൂപയുടെ വിശദാംശങ്ങൾ | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം , കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14/07/2023 ലെ 08/140/2023 കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 25.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്

08.11.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും (7497850/-) ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (-361835/-) തുല്യമല്ല ആയതിനാൽ ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 എ.സി.ആർ - ചെലവു പത്രിക പൊരുത്തപ്പെടുന്നില്ല

എ.സി.ആർ പ്രകാരവും ചെലവ് പത്രിക പ്രകാരവുമുള്ള തുകയിൽ ചുവടെ പറയുന്ന വ്യത്യാസമുണ്ട്.

| ഇനം | എ.സി.ആർ പ്രകാരം ചെലവ് | ചെലവ് പത്രിക പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 15146511 | 14290569<br>(15473569 – 1183000 (സ്രോതസിൽ നിന്നും കുറവു ചെയ്തത്) | 855942 |
| വികസന ഫണ്ട് - ടി.എസ്.പി | 7300745 | 6402346<br>(8179370 – 1777024 (സ്രോതസിൽ നിന്നും കുറവു ചെയ്തത്) | 898399 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 5650940 | 5566940 | 84000 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 8378902 | 7448891 | 930011 |

പ്രോജക്ടുകൾക്കു വേണ്ടി 2022-23 സാമ്പത്തിക വർഷത്തിൽ റിക്വസിഷൻ തയ്യാറാക്കിയെങ്കിലും ബില്ല് ട്രഷറിയിൽ സമർപ്പിക്കാത്തതാണ് വ്യത്യാസത്തിനുള്ള കാരണം എന്നാണ് ഓഡിറ്റ് എൻക്വയറി നമ്പർ 1/ 12.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വ്യത്യാസമുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫണ്ട് | പദ്ധതി നമ്പർ, പേര് | തുക |
|---|---|---|---|
| 1 | വികസന ഫണ്ട് – ജനറൽ | 76- പദ്ധതി രൂപീകരണം, മോണിറ്ററിംഗ് | 5380 |
| 2 | | 76- പദ്ധതി രൂപീകരണം, മോണിറ്ററിംഗ് | 5552 |
| 3 | | 77- ഐ.കെ.എം ഷെയർ- വർക്കിംഗ് ഫണ്ട് 22-23 | 2355 |
| 4 | | 70- സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 113247 |
| 5 | | 3- പാലിയേറ്റീവ് കെയർ | 18390 |

| | | | |
|---|---|---|---|
| 6 | | 136- വൃദ്ധർക്കും കിടപ്പായവർക്കും കട്ടിൽ | 296250 |
| 7 | | 259- ബെള്ളക്കാനചിറക്കണ്ടം റോഡ് കോൺക്രീറ്റ് | 401568 |
| ആകെ തുക | | | 842742 |
| 8 | വികസന ഫണ്ട് - ജനറൽ | 145- ബാലസഭ ക്യാമ്പ് 2022-23<br>(ബിൽ റഫറൻസ് നമ്പർ 22200252011301240190, 24/02/2023 പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും സുലേഖ ചെലവ് പത്രികയിൽ ഈ പദ്ധതി ഉൾപ്പെട്ടിട്ടില്ല.) | 13200 |
| ആകെ ചെലവ് (വികസന ഫണ്ട് - ജനറൽ) | | | 855942 |
| 9 | വികസന ഫണ്ട് - ടി.എസ്.പി | 149- വെള്ളരിക്കായപ്പാലം ഡിസൈൻ തയ്യാറാക്കുന്നതിന് എൽ.ബി.എസിൽ തുക അടവാക്കൽ 2022-23 | 250000 |
| 10 | | 51- ചെമ്മെട്ട് ബാബയ്യ മൂല റോഡ് മെയിന്റനൻസ് | 648399 |
| ആകെ ചെലവ് (വികസന ഫണ്ട് - ടി.എസ്.പി) | | | 898399 |
| 11 | ധനകാര്യ കമ്മീഷൻ അവാർഡ് - ടൈഡ് | 37- ഒ.ഡി.എഫ് | 24000 |
| 12 | | 37- ഒ.ഡി.എഫ് | 48000 |
| 13 | | 37- ഒ.ഡി.എഫ് | 12000 |
| ആകെ ചെലവ് (ധനകാര്യ കമ്മീഷൻ അവാർഡ് - ടൈഡ്) | | | 84000 |
| 14 | മെയിന്റനൻസ് ഫണ്ട്- റോഡ് | 166- കല്ലക്കട്ട ഉജ്ജംപാടി റോഡ് മെയിന്റനൻസ് | 599366 |
| 15 | | 51- ചെമ്മെട്ട് ബാബയ്യ മൂല റോഡ് മെയിന്റനൻസ് | 330645 |
| ആകെ ചെലവ് (മെയിന്റനൻസ് ഫണ്ട്- റോഡ്) | | | 930011 |

1-1-4 ഇ-പേമെന്റ് തുക ബാങ്കിൽ ക്രഡിറ്റായിട്ടില്ല

1) 2022-23 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ അക്കൗണ്ടിന്റെ (അക്കൗണ്ട് നം.37073715761) റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ പറയുന്ന തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 1220000002 | 09-04-2022 | 120 |
| 2 | 1220000003 | 12-04-2022 | 120 |
| 3 | 1220000005 | 13-04-2022 | 120 |
| 4 | 1220000106 | 24-09-2022 | 2 |
| 5 | 1220000109 | 29-09-2022 | 21 |
| 6 | 1220000103 | 22-09-2022 | 220 |
| 7 | 1220000177 | 10-11-2022 | 370 |
| 8 | 1220000092 | 22-08-2022 | 120 |
| 9 | 1220000031 | 09-06-2022 | 120 |
| 10 | 1220000032 | 10-06-2022 | 220 |
| ആകെ തുക | | | 1433 |

തുക ക്രഡിറ്റ് വരാത്തതിനുള്ള കാരണം ആയതിന്റെ തുടർനടപടി വിവരം എന്നിവ

വിശദമാക്കേണ്ടതാണ്.

2) എസ്.ബി.ഐ – ഇ- പേമെന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ 37073715761) റീക്കൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ ചുവടെ പറയുന്ന തുക ബാങ്കിൽ നിന്നും നേരിട്ട് പിൻവലിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

| തീയതി | തുക |
|---|---|
| 31-03-2023 | 24,730 |

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ പേരിലുള്ള എസ്.ബി.ഐ ലെ ഇ-പേമെന്റ് ബാങ്ക് ബുക്കിൽ വന്ന എല്ലാ തുകയും ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും 2022-23 സാമ്പത്തിക വർഷത്തിൽ സഞ്ചയ സോഫ്റ്റ് വെയർ വഴിയുള്ള വരവ് തുക മൊത്തം രശീതി ചെയ്തുവെങ്കിലും ബാങ്ക് അക്കൗണ്ടിൽ 2023 മാർച്ച് 31 വരെ ക്രഡിറ്റ് വരാത്തതായ തുക പ്രത്യേകം വേർതിരിച്ച് മാറ്റുന്നതിന് സാധിക്കാത്തതിനാൽ 24730/- രൂപ ഡയറക്ട് ഡെബിറ്റായി കാണിച്ചുവെന്നും ഈ തുക 2023-24 വർഷത്തിൽ ക്രമീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി നമ്പർ 2/12.09.2023).

തുക ക്രമീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-1-5 കേരള ഗ്രാമീൺ ബാങ്ക് തനത് അക്കൗണ്ടിൽ വരവുവരാത്ത തുകയുടെ വിശദാംശം ലഭ്യമല്ല.

2022-23 സാമ്പത്തിക വർഷത്തെ കേരള ഗ്രാമീൺ ബാങ്ക് തനത് അക്കൗണ്ടിന്റെ (അക്കൗണ്ട് നം.40451100006878) റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ പറയുന്ന തുക ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

| വൗച്ചർ നമ്പർ | തീയതി | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|---|
| 120010500010 | 04-09-2021 | 1327353 | 27-08-2021 | 2,000 |

കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആകാത്ത 2000/- രൂപ സംബന്ധിച്ച് പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 2/12.09.2023).

മേൽ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

### 1-1-6 ഗുണഭോക്തൃ വിഹിതമിനത്തിലെ തുക ചെലവഴിക്കാതെ നിലനിൽക്കുന്നു

ഗുണഭോക്തൃ വിഹിതമിനത്തിൽ ചുവടെ പറയും പ്രകാരം തുക വർഷങ്ങളായി ചെലവഴിക്കാതെ നിലനിൽക്കുന്നു.

| 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| 97085 | 59977 (97085 + 173108 - 100000) | 59978 (59977 + 382646 - 382645) | 59978 | 59978 | 96664 (59978 + 769111 - 732425) |

ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ മുൻവർഷങ്ങളിൽ ചെലവഴിക്കാതെ നിലനിൽക്കുന്ന ഗുണഭോക്തൃ വിഹിതം ബന്ധപ്പെട്ട ലെഡ്ജറുകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 3/12.09.2023).

ഗുണഭോക്തൃ വിഹിതം ഇനത്തിൽ വർഷങ്ങളായി ചെലവഴിക്കാതെ നിലനിൽക്കുന്ന തുകയുടെ വിശദാംശം തുടർനടപടി വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

### 1-1-7 അഡ്വാൻസ് തുക ക്രമീകരിക്കാതെ നിലനിൽക്കുന്നു.

ധനകാര്യ പത്രിക ബി-18 ഷെഡ്യൂളിൽ അഡ്വാൻസ് ഇനത്തിൽ ചുവടെ പറയും പ്രകാരം തുകകൾ നിലനിൽക്കുന്നു.

| ക്രമ നമ്പർ | കോഡ്, ഇനം | നിലനിൽക്കുന്ന തുക | വിശദാംശം |
|---|---|---|---|
| 1 | 460100103- താൽകാലിക അഡ്വാൻസ് | 569885 | 2021-22 മുതൽ ഈ തുക നിലനിൽക്കുന്നു |
| 2 | 460100199- മറ്റ് അഡ്വാൻസുകൾ | 284861 | 2018-19 മുതൽ 2021-22 വരെ അഡ്വാൻസ് നൽകിയ തുകകൾ നിലനിൽക്കുന്നു. |
| 3 | 460500501- നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ് | 174495 | 2021-22 മുതൽ ഈ തുക നിലനിൽക്കുന്നു |
| 4 | 460509901 – മറ്റുള്ളവർക്കുള്ള അഡ്വാൻസ് | 269391 | 2021-22 മുതൽ ഈ തുക നിലനിൽക്കുന്നു |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 32 പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർമാർ, സപ്ലൈയർമാർ, കരാറുകാർ, അക്രഡിറ്റഡ് ഏജൻസികൾ, ഉദ്യോഗസ്ഥർ, വ്യക്തികൾ തുടങ്ങിയവർക്കുള്ള മുൻകൂറുകൾ ഉടനെയുള്ള യഥാർത്ഥ ചെലവുകൾക്ക് അനുസൃതമായി പരിമിതപ്പെടുത്തേണ്ടതാണ്. ആ തുക ചെലവായി കഴിയുമ്പോൾ തുക ചെലവായതിനുള്ള രേഖകൾ സമർപ്പിച്ച് അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട കാലാവധിയ്ക്കകം മുൻകൂർ തുക യഥാവിധി വിനിയോഗിക്കാതെ വരികയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

മേൽ ചട്ടത്തിനു വിരുദ്ധമായി നിലനിൽക്കുന്ന മേൽ തുകകളുടെ വിശദാംശം, ക്രമീകരിക്കാതെ നിലനിൽക്കുന്നതിനുള്ള കാരണം എന്നിവ ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/12.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-1-8 ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ തുക വർഷങ്ങളായി നിലനിൽക്കുന്നു

ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ ചുവടെ പറയും പ്രകാരം തുക വർഷങ്ങളായി നിലനിൽക്കുന്നു.

| 2022-23 | 2021-22 | 2020-21 | 2019-20 |
|---|---|---|---|
| 62544<br>(62544 + 4417 - 4417) | 62544 | 62544<br>(18884 + 164243 - 120583) | 18884 |

2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിയ്ക്കുളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. കാലാവധി കഴിഞ്ഞ ചെക്ക് പഞ്ചായത്തിൽ സമർപ്പിക്കപ്പെടുകയാണെങ്കിൽ ചട്ടം 44 ൽ പറഞ്ഞിരിക്കുന്നതുപോലെ റദ്ദ് ചെയ്യേണ്ടതാണ്.

"കാലാവധി കഴിഞ്ഞ ചെക്കുകളുടെ" അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റിയിട്ടുള്ള തുകകൾ സംബന്ധിച്ച മേൽ ചട്ടം പ്രകാരമുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും, ഈ ഇനത്തിൽ നിലനിൽക്കുന്ന 62544/- രൂപയുടെ വിശദാംശവും (ചെക്ക് നമ്പർ, തീയതി, തുക, ആർക്കുനൽകി) ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/12.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ ഇനത്തിലെ തുകകളുടെ വിശദാംശം, തുടർനടപടി വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-1-9 ഡെപ്പോസിറ്റ് ഇനത്തിലെ ബാധ്യതയായി വർഷങ്ങളായി നിലനിൽക്കുന്ന തുകകളുടെ വിശദാംശം, ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഡെപ്പോസിറ്റായി ലഭ്യമായ ചുവടെ പറയുന്ന ബാധ്യത തുകകൾ വർഷങ്ങളായി നിലനിൽക്കുന്നു.

| കോഡ് | ഇനം | നിലനിൽക്കുന്ന തുക | വിശദാംശം |
|---|---|---|---|
| 340100101 | കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 5,050 | 2017-18 മുതൽ തുക നിലനിൽക്കുന്നു |
| 340100102 | സപ്ലയേഴ്സ് ഇ.എം.ഡി | 4,640 | 2020-21 മുതൽ തുക നിലനിൽക്കുന്നു |
| 340100103 | ബിഡേഴ്സ് ഇ.എം.ഡി | 7,310 (6,310 + 1000) | 2020-21 മുതൽ 6,310/- രൂപയും 2022-23 ൽ 1000/- രൂപയും കൂടി ചേർന്ന് ആകെ 7,310/- രൂപ നിലനിൽക്കുന്നു. |
| 340100202 | സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 40,400 | 2020-21 മുതൽ തുക നിലനിൽക്കുന്നു |
| 340100303 | ഇലക്ഷൻഡെപ്പോസിറ്റ് | 54,500 | 2021-22 മുതൽ തുക നിലനിൽക്കുന്നു |
| 340200101 | വാടക ഡെപ്പോസിറ്റ് | 539,737 | - |
| 340200102 | ലേല ഡെപ്പോസിറ്റ് | 24,900 | 2019-20 മുതൽ 2022-23 വരെ തുക നിലനിൽക്കുന്നു. |
| 340200199 | മറ്റ് ഡെപ്പോസിറ്റുകൾ | 37,966 | 2014-15 മുതൽ 27966/- രൂപയും 2021-22 മുതൽ 37,966/- രൂപയും(27,966 + 10000) നിലനിൽക്കുന്നു. |

മേൽ തുകകൾ സംബന്ധിച്ച വിശദാംശം , തുക ക്രമീകരിക്കാത്തതിനുള്ള കാരണം, ബി-7 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകൾ സംബന്ധിച്ച രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/12.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ തുകകൾ സംബന്ധിച്ച വിശദാംശം, തുക ക്രമീകരിക്കാത്തതിനുള്ള കാരണം, ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-1-10 ധനകാര്യപത്രിക ബി-9 ഷെഡ്യൂൾ പ്രകാരം വർഷങ്ങളായി നിലനിൽക്കുന്ന ബാധ്യത തുകകളുടെ വിശദാംശം ലഭ്യമായിട്ടില്ല

ധനകാര്യപത്രിക ബി-9 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന ബാധ്യത തുകകൾ വർഷങ്ങളായി നിലനിൽക്കുന്നു.

| കോഡ് | ഇനം | നിലനിൽക്കുന്ന തുക | വിശദാംശം |
|---|---|---|---|
| 350200111 | റിക്കവറി - കോഓപ്പറേറ്റീവ് സൊസൈറ്റി & കോഓപ്പറേറ്റീവ് ബാങ്ക് | 5,000 (5,000 + 36906 - 36906) | 2015-16 മുതൽ 5000/- രൂപ നിലനിൽക്കുന്നു. |
| 350200199 | മറ്റ് റിക്കവറികൾ | 34,595 (34,595 + 36000 - 36000) | 2020-21 മുതൽ 34,595/- രൂപ നിലനിൽക്കുന്നു. |
| 350300103 | വാറ്റ് | 8,345 (8,345 + 6900 - 6900) | 2019-20 മുതൽ 8,345/- രൂപ നിലനിൽക്കുന്നു. |
| 350300111 | ഫ്ലഡ് സെസ് | 380 | 2019-20 ൽ 129/- രൂപയും 2020-21 മുതൽ 380/- രൂപയും (129 + 362 – 111) നിലനിൽക്കുന്നു. |
| 350409901 | റീഫണ്ട് | 1,365,680 | 2016-17 ൽ 34226/- രൂപയും 2017-18 മുതൽ 468,059/- രൂപയും (34226 + 433,833), 2021-22 മുതൽ 1,365,680/- രൂപയും (468,059 + 897621) നിലനിൽക്കുന്നു. |
| 350300112 | കോർട്ട് ഫീ സ്റ്റാമ്പ് | 495 (100 + 395) | 2021-22 ൽ 100/- രൂപയും 2022-23 ൽ 495/- രൂപയും (100 + 395) നിലനിൽക്കുന്നു. |
| 350800199 | മറ്റ് വരവുകൾ | 1,380 | 2020-21 മുതൽ 1,380/- രൂപ നിലനിൽക്കുന്നു. |

മേൽ തുകകളുടെ വിശദാംശം, തുക നിലനിൽക്കുന്നതിനുള്ള കാരണം എന്നിവ ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/12.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-11 പലിശ ഇനത്തിലെ വരവ് ജലനിധിയുടെ ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല

ജലനിധി ഇനത്തിലെ നീക്കിയിരിപ്പ് തുക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ ചുവടെ പറയും പ്രകാരം വ്യത്യാസമുണ്ട്.

| B-4 (320300102) ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | B-17 ഷെഡ്യൂൾ പ്രകാരം കേരള ഗ്രാമീൺ ബാങ്ക് -ജലനിധി അക്കൗണ്ടിലെ ( നമ്പർ 40451100008893) നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|
| 2,67,431 | 2,75,133 | 7,702 |

മേൽ പ്രകാരം വ്യത്യാസമുള്ള തുക പലിശ ഇനത്തിലെ വരവാണ്. ഈ തുക B-4 (320300102)

ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഈ വിഷയത്തിന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/12.9.2023 ന് ഗ്രാമപഞ്ചായത്തിന്റെ ജലനിധി അക്കൗണ്ടിലേക്ക് ലഭിച്ച 7,702/- രൂപ പഞ്ചായത്തിന്റെ പലിശ ഇനത്തിലാണ് വരവ് വച്ചിട്ടുള്ളതെന്നും ആയത് ജേണൽ ചെയ്ത് ജലനിധി അക്കൗണ്ടിലേക്ക് മാറ്റി ക്രമീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭിച്ചിട്ടുള്ളത്.

തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-12 വസ്തു നികുതി ഇനത്തിലെ തൻവർഷം , കുടിശ്ശിക എന്നിവയിലെ ഡി.സി.ബി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി തൻവർഷം, കുടിശ്ശിക എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് കണക്കിൽ ധനകാര്യപത്രികയിൽ ചുവടെ പറയും പ്രകാരം വ്യത്യാസമുണ്ട്.

1) കുടിശ്ശിക

| ഇനം | 2021-22 ധനകാര്യപത്രിക പ്രകാരം ഡിമാന്റ് | വരവ് (RP 45-2022-23) | നീക്കിയിരിപ്പ് | 2022-23 ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|---|
| റസിഡൻഷ്യൽ ബിൽഡിംഗ് (2021-22 ലെ നീക്കിയിരിപ്പ്) - 1,187/- | 5,812/- | 3,435/- | 2,377/- | 0.60/- | 2,376.40/- |
| റസിഡൻഷ്യൽ ബിൽഡിംഗ് (മുൻ വർഷങ്ങളിലെ കുടിശ്ശിക) - 4,625/- | | | | | |
| നോൺ-റസിഡൻഷ്യൽ ബിൽഡിംഗ് (2021-22 ലെ നീക്കിയിരിപ്പ്) - 6,983/- | 24,448/- | 3,878/- | 20,570/- | 22,980/- | 2,410/- |
| നോൺ-റസിഡൻഷ്യൽ ബിൽഡിംഗ് (മുൻ വർഷങ്ങളിലെ കുടിശ്ശിക) - 17,465/- | | | | | |

2) തൻവർഷം

| ഇനം | 2022-23 ധനകാര്യപത്രിക പ്രകാരം ഡിമാന്റ് | വരവ് | | നീക്കിയിരിപ്പ് | 2022-23 ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|---|---|---|
| | | (RP45-2022-23) | മുൻകൂർ തുക | | | |

| | (I-1) | | (2021-2 B-9) | | നീക്കിയിരിപ്പ് | |
|---|---|---|---|---|---|---|
| റസിഡൻഷ്യൽ ബിൽഡിംഗ് (110100101) | 933,138 | 924,541 | 103,902 | - 95305 (933,138 – 924,541 – 103,902) | 0 | - 95305 |
| നോൺ-റസിഡൻഷ്യൽ ബിൽഡിംഗ് (110100102) | 485,179 | 482,799 | 8,359 | - 5979 (485,179 – 482,799 – 8,359) | 4,561 | - 10540 |

മേൽ പ്രകാരം വ്യത്യാസം വരാനുണ്ടായ കാരണം മുൻകുറിനത്തിൽ ലഭിച്ച തുകയുടെ വിശദാംശം (ഏതെല്ലാം വർഷങ്ങളിലേക്ക്) എന്നിവ ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/12.9.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-13 വാടക ഇനത്തിലെ വരവ് - രജിസ്റ്റർ, ധനകാര്യപത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല – പിഴ പലിശ ഇനത്തിലെ വരവ് വാടകയായി രേഖപ്പെടുത്തിയിരിക്കുന്നു.

തൻവർഷ ബിൽഡിംഗ് വാടക ഇനത്തിലെ ധനകാര്യപത്രികപ്രകാരമുള്ള ഡിമാന്റ്, വരവ് തുകകൾ രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഡിമാന്റ് | | കളക്ഷൻ | |
|---|---|---|---|
| ധനകാര്യപത്രിക I-3 ഷെഡ്യൂൾ പ്രകാരമുള്ള ഡിമാന്റ് തുക | 697973 | 2022-23 ആർ.പി -45 പ്രകാരമുള്ള വരവ് തുക | 697244 |
| | | 2021-22 ബി-9 പ്രകാരമുള്ള അഡ്വാൻസ് തുക | 729 |
| | | ആകെ വരവ് | 697973 |
| രജിസ്റ്റർ പ്രകാരം ഡിമാന്റ് തുക | 696170 | രജിസ്റ്റർ പ്രകാരം വരവ് തുക | 696170 |

രജിസ്റ്റർ പ്രകാരം 1803/- രൂപയുടെ (697973 – 696170) കുറവുണ്ട്.

ബിൽഡിംഗ് വാടക ഇനത്തിലെ വരവിൽ പിഴപലിശ ഉൾപ്പെടെയുള്ള തുക വാടക ഇനത്തിലെ വരവായി ലഡ്ജറിൽ രേഖപ്പെടുത്തിയതിനാൽ 1074/- രൂപ അധികമായി ചുവടെ പറയും പ്രകാരം വന്നിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | രസീത് നമ്പർ, തീയതി | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് തുക | ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് തുക | അധികമായി രേഖപ്പെടുത്തിയ തുക |
|---|---|---|---|---|---|
| 1 | IV/ 183 | 1220500699, 6/10/2022 | 2330 | 2610 | 280 |
| 2 | IV/168,169 | 1220500700, 6/10/2022 | 6615 | 7409 | 794 |
| ആകെ | | | 8945 | 10019 | 1074 |

ഇത്തരത്തിൽ പിഴപലിശ ഉൾപ്പെടെയുള്ള 1074/- രൂപ വാടക ഇനത്തിലെ വരവായി രേഖപ്പെടുത്തുകയും അഡ്വാൻസായി ലഭിച്ച 729/- രൂപ ഡെപ്പോസിറ്റ് കളക്ഷൻ എന്ന ഹെഡ്ഡിൽ തെറ്റായി രസീത് ചെയ്യുകയും ചെയ്തതിനാലാണ് 1803/- രൂപയുടെ (1074 + 729) വ്യത്യാസം ഉണ്ടായിട്ടുള്ളത്.

### 1-1-14 സംഭാവനയായി ലഭിച്ച തുക തനത് ഫണ്ട് അക്കൗണ്ടിൽ ഒടുക്കുവരുത്തിയിരിക്കുന്നു

2022-23 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരം സ്വമേധയായുള്ള സംഭാവനയുടെ ഇനത്തിൽ ലഭ്യമായ തുക പഞ്ചായത്തിന്റെ ദുരിതാശ്വാസ ഫണ്ടിൽ വരവ് രേഖപ്പെടുത്താതെ തനതു ഫണ്ടിലേക്കു വരവുവച്ചിരിക്കുന്നു.

| തീയതി | രസീത് നമ്പർ | തുക |
|---|---|---|
| 23-05-2022 | 1220100519 | 200 |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/15.09.2023 ന് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ വരവു വച്ചിട്ടുള്ള ദുരിതാശ്വാസ ഫണ്ടിലേക്കായി വന്ന 200/- രൂപ തനതു ഫണ്ടിൽ നിന്നും പിൻവലിച്ച് ദുരിതാശ്വാസ ഫണ്ടിലെ അക്കൗണ്ടിലേക്ക് ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

ദുരിതാശ്വാസ ഫണ്ടിലെ അക്കൗണ്ടിലേക്ക് തുക ഒടുക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-1-15 ലേലമിനത്തിലെ വരവ് തുക ഡെപ്പോസിറ്റിൽ ബാധ്യതയായി നിലനിൽക്കുന്നു.

2022-23 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരമുള്ള ലേലമിനത്തിലെ വരവ് തുകയിൽ ഡെപ്പോസിറ്റായി രേഖപ്പെടുത്തിയിട്ടുള്ള തുക ബാധ്യതയിൽ നിന്നും മാറ്റി വരവായി രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | ഇനം | ലേലപ്രകാരം അംഗീകരിച്ച തുക | | വരവായി ആർ.പി 5 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള തുക | | ലേല ഡെപ്പോസിറ്റായി (340200102) ബി- 7 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുക | |
|---|---|---|---|---|---|---|---|
| | | തീരുമാനം | അംഗീകരിച്ച തുക | രസീത് നമ്പർ, തീയതി | തുക | രസീത് നമ്പർ, തീയതി | തുക |
| 1 | മരം ലേലം | 4/7/2022 ലെ 139/2022(1) | 138000/- | 1220500128, 11-08-2022 | 1,32,000 | 1220100995, 28-06-2022 | 6,000 |
| 2 | പഴയ മാസികകളുടെ ലേലം | 18/6/2022 ലെ 129/2022 | 1443/- (111x13) | 1220100917, 21-06-2022 | 1,343 | 1220100738, 07-06-2022 | 100 |
| 3 | പഴയ വർത്തമാന പത്രങ്ങളുടെ ലേലം | 18/6/2022 ലെ 129/2022 | 5664/- (177 X 32) | 1220100916, 21-06-2022 | 5,564 | 1220100739, 07-06-2022 | 100 |
| ലേല പ്രകാരം ആകെ ലഭികേണ്ട തുക | | | 145107 | വരവായി രേഖപ്പെടുത്തിയ തുക | 138907 | ഡെപ്പോസിറ്റായി രേഖപ്പെടുത്തിയ തുക | 6200 |

മേൽ പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകകൾ വരവിനത്തിലേക്ക് മാറ്റിയിട്ടില്ല.

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/16.9.2023 ന് ലേലമിനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുകകൾ 2023-24 സാമ്പത്തിക വർഷത്തിൽ ജേണൽ വഴി ക്രമീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-16 ട്രഷറി അക്കൗണ്ട് വിശദാംശം ലഭ്യമാക്കിയിട്ടില്ല

സബ് ട്രഷറി, കാസറഗോഡ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 720021400000029) 2020-21 സാമ്പത്തിക വർഷം മുതൽ (-) 3320/- രൂപയാണ് ധനകാര്യപത്രികയിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ വർഷങ്ങളായി തുക നെഗറ്റീവായി നിലനിൽക്കുന്നതിനുള്ള കാരണവും ബാങ്ക് സ്റ്റേറ്റ്മെന്റ്, റീക്കൺസിലിയേഷൻ പത്രിക എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 17/16.9.2023).

1-1-17 മറ്റ് യൂസർ ചാർജ് ഇനത്തിലെ വരവ് സംബന്ധിച്ച വിശദാംശം / രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മറ്റ് യൂസർ ചാർജ് ഇനത്തിൽ 2022-23 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരം തുക വരവായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | രസീത് നമ്പർ | തീയതി | തുക |
|---|---|---|---|---|
| 1 | Standard Green Energy (3600kg) | 1220501506 | 11-11-2022 | 1,800 |
| 2 | Standard Green Energy Chicken Waste Collection (5244Kg) | 1220501851 | 12-12-2022 | 1,311 |
| 3 | Standard Green Energy Royalty For Chicken Waste Collection For The Month Of Jan 2023 (3410 Kg) | 1220502534 | 13-02-2023 | 1,705 |
| 4 | Standard Green Energy Kumbala Royalty Fee For Chicken Waste Collection For The Month February | 1220503755 | 29-03-2023 | 2,100 |
| ആകെ തുക | | | | 6,916 |

മേൽ പ്രകാരം തുക ലഭ്യമായതിന്റെ വിശദാംശം, ബന്ധപ്പെട്ട ഫയൽ, സ്റ്റാൻഡേർഡ് ഗ്രീൻ എനർജി എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/6.9.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രകാരമുള്ള വരവിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1-1-18 അക്യൂമുലേറ്റഡ് ഡിപ്രീസിയേഷൻ ആസ്തിയേക്കാൾ അധികരിച്ച് നിൽക്കുന്ന

B-11(a) പ്രകാരമുള്ള മറ്റ് സ്ഥിരം ആസ്തികളുടെ അക്യൂമലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെക്കാൾ അധികരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ബി-11 പ്രകാരം മറ്റ് സ്ഥിരം ആസ്തികളുടെ മൂല്യം | B-11(a) പ്രകാരം ഡിപ്രീസിയേഷൻ |
|---|---|
| 4,13,664 | - 8,71,255 |

2020-21 സാമ്പത്തിക വർഷം മുതൽ ബാലൻസ് ഷീറ്റ് പ്രകാരം മറ്റ് സ്ഥിരം ആസ്തികളുടെ നീക്കിയിരിപ്പ് മൂല്യം 413664 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

അക്യൂമുലേറ്റഡ് ഡിപ്രീസിയേഷൻ തുക ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിച്ചത് സംബന്ധിച്ച വിശദീകരണം മറ്റ് സ്ഥിരം ആസ്തികൾ എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/18.9.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശത്തിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-19 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം./തീയതി |
|---|---|---|
| 110100101 | വസ്തു നികുതി - പാർപ്പിടം | 42201425/ 31-03-2023<br>42201450/ 31-03-2023 |
| 110100102 | വസ്തു നികുതി - നോൺ റസിഡൻഷ്യൽ | 42201426/ 31-03-2023 |
| 130100101 | ബിൽഡിംഗ് വാടക | 42201430/ 31-03-2023 |

## 1-1-20 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി ഉടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 01/75/2022 തിയ്യതി.26/03/2022 | 3/1/61/2023<br>തിയ്യതി 13.03.2023 |
| മുന്നിരിപ്പ് | 1978123 | 8833858 |
| വരവ് | 205144000 | 216049281 |
| ആകെ | 207122123 | 224883139 |
| ചെലവ് | 199414000 | 223451205 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 7708123 | 1431934 |

## 1-3 സാമ്പത്തിക അവലോകനം

(വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| സാമ്പത്തിക വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 16418650 |
| വരവ് | 58973476 |
| ആകെ | 75392126 |
| ചെലവ് | 51475626 |
| നീക്കിയിരിപ്പ് | 23916500 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,25,975/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ട് ഇനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17179000 | 17179000 | 15486769 | 1692231 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6146000 | 6146000 | 3963545 | 2182455 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 10199000 | 10199000 | 8179370 | 2019630 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12940000 | 12940000 | 7448891 | 5491109 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6687000 | 6687000 | 3902640 | 2784360 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(untied) ബാങ്ക് | 2882973 | 3742468 (പലിശ105542) | 6625441 | 4120500 | 2504941 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(untied) ട്രഷറി | 0 | 458255 | 458255 | 51464 | 406791 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) ബാങ്ക് | 4155747 | 5161000 | 9316747 | 795276 | 8521471 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) ട്രഷറി | 0 | 4398195 | 4398195 | 599700 | 3798495 |
| ഹെൽത്ത് ഗ്രാന്റ് – അടിസ്ഥാന സൗകര്യങ്ങൾ | 0 | 325743 | 325743 | 0 | 325743 |
| ഹെൽത്ത് ഗ്രാന്റ് – ഹെൽത്ത് & വെൽനസ് | 0 | 187641 | 187641 | 0 | 187641 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 3,78,588 | 16,11,372 | 19,89,960 | 16,11,372 | 3,78,588 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | 9,49,730 | 48,16,062 | 57,65,792 | 48,16,062 | 9,49,730 |
| ശുചിത്വമിഷൻ | 7,92,089 | 3,00,697 | 10,92,786 | 8,14,906 | 2,77,880 |

| | | | | | |
|---|---|---|---|---|---|
| ടോട്ടൽ സാനിറ്റേഷൻ | 22,04,443 | 0 | 22,04,443 | 0 | 22,04,443 |
| ജലനിധി | 2,67,431 | 7,702 | 2,75,133 | 0 | 2,75,133 |
| തൊഴിലുറപ്പ് പദ്ധതി | 0 | 1592243 | 1592243 | 1592203 | 40 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 6,88,102 | 13,58,788 | 20,46,890 | 1371615 | 675275 |

1) വികസനഫണ്ട്-(ജനറൽ) സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 1183000/-രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി സ്രോതസ്സിൽ നിന്നും ജി.ഒ. പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 769386/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 1777024/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 208 | 123372182 | 135 | 73649807 | - | 73 | 64.90 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 32 | 7591754 | 19 | 5161892 | 67.99 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 64 | 28889317 | 28 | 13864449 | 47.99 |
| 3 | കൃഷി ഓഫീസർ | 17 | 5101994 | 16 | 4635812 | 90.86 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 28 | 58973145 | 17 | 32569875 | 55.23 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16 | 7276220 | 11 | 4895277 | 67.28 |
| 6 | വെറ്ററിനറി സർജ്ജൻ | 12 | 2639000 | 11 | 2244251 | 85.04 |
| 7 | മെഡിക്കൽ ഓഫീസർ അലോപ്പതി | 14 | 4331202 | 12 | 3598252 | 83.08 |
| 8 | പ്രധാനാധ്യാപകൻ | 10 | 5416064 | 8 | 4250281 | 78.48 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 124000 | 2 | 118118 | 95.26 |
| 10 | മെഡിക്കൽ ഓഫീസർ | 3 | 233000 | 3 | 233000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | ഹോമിയോ | | | | | |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 2246486 | 7 | 1569032 | 69.84 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 550000 | 1 | 509568 | 92.65 |
| ആകെ | | 208 | 123372182 | 135 | 73649807 | 59.6 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 1592243 | 1592243 | 1592203 | 40 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 39389973 | 39389973 | 39389973 | 0 |
| ആകെ | 0 | 40982216 | 40982216 | 40982176 | 40 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 3447 എണ്ണം പദ്ധതികളുൾപ്പെടുന്ന 17,26,90,175/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 3,97,31,000/- രൂപയുടെ 610 പദ്ധതികളാണ് (230-പുതിയത് + 380-സ്പിൽഓവർ) നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 1,00,904തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 474 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 834600 | 76 |
| വിധവാപെൻഷൻ | 12858000 | 1194 |
| വാർദ്ധക്യകാലപെൻഷൻ | 15392200 | 1505 |
| വികലാംഗപെൻഷൻ | 3662200 | 337 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 718400 | 69 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 360000 | 12 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.2023 തീയ്യതിയിൽ 3.30 P.M. ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 2760/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1) രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

A) അഡ്വാൻസ് രജിസ്റ്റർ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 32 പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർമാർ, സപ്ലൈയർമാർ, കരാറുകാർ, അക്രഡിറ്റഡ് ഏജൻസികൾ, ഉദ്യോഗസ്ഥർ, വ്യക്തികൾ തുടങ്ങിയവർക്കുള്ള മുൻകൂറുകൾ ഉടനെയുള്ള യഥാർത്ഥ ചെലവുകൾക്ക് അനുസൃതമായി പരിമിതപ്പെടുത്തേണ്ടതാണ്. ആ തുക ചെലവായി കഴിയുമ്പോൾ തുക ചെലവായതിനുള്ള രേഖകൾ

സമർപ്പിച്ച് അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട കാലാവധിയ്ക്കകം മുൻകൂർ തുക യഥാവിധി വിനിയോഗിക്കാതെ വരികയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

എന്നാൽ ധനകാര്യ പത്രിക ബി-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ ഇനം അഡ്വാൻസുകളുടെ വിശദാംശം, ക്രമീകരിച്ചതിന്റെ വിവരം എന്നിവയുമായി ബന്ധപ്പെട്ട രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരം ലഭ്യമാകുന്നില്ല. (വിശദാംശം ഖണ്ഡിക 1-1-7 ൽ)

B) ചെക്ക് ഇഷ്യൂ രജിസ്റ്റർ

2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിയ്ക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത് ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. കാലാവധി കഴിഞ്ഞ ചെക്ക് പഞ്ചായത്തിൽ സമർപ്പിക്കപ്പെടുകയാണെങ്കിൽ ചട്ടം 44 ൽ പറഞ്ഞിരിക്കുന്നതുപോലെ റദ്ദ് ചെയ്യേണ്ടതാണ്.

ചെക്ക് വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമല്ലാത്തതിനാൽ "കാലാവധി കഴിഞ്ഞ ചെക്കുകളുടെ" അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റിയിട്ടുള്ള തുകകൾ സംബന്ധിച്ച മേൽ ചട്ടം പ്രകാരമുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ഈ ഇനത്തിൽ നിലനിൽക്കുന്ന 62544/- രൂപയുടെ വിശദാംശവും (ചെക്ക് നമ്പർ, തീയതി, തുക, ആർക്കുനൽകി) ലഭ്യമാകുന്നില്ല. (വിശദാംശം ഖണ്ഡിക 1-1-8 ൽ)

C) ഡെപ്പോസിറ്റ് രജിസ്റ്റർ

വിവിധ ഇനം ഡെപ്പോസിറ്റായി ലഭ്യമായ ബാധ്യത തുകകൾ (ഇഎംഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ്, മറ്റ് ഡെപ്പോസിറ്റ് തുടങ്ങിയവ) വർഷങ്ങളായി നിലനിൽക്കുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമല്ലാത്തതിനാൽ 2014-15 മുതൽ നിലനിൽക്കുന്ന തുകകൾ ഉൾപ്പെടെയുള്ള തുകകളുടെ വിശദാംശം ലഭ്യമാകുന്നില്ല. (വിശദാംശം ഖണ്ഡിക 1-1-9 ൽ)

2) സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. (വിശദാംശം ഖണ്ഡിക 1-1-19 ൽ)

3) എച്ച്.എം.സി വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

അടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2010-11 മുതൽ 2014-15 വരെയുള്ള വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട് (റിപ്പോർട്ട് നമ്പർ കെ.എസ്.എ/ കെ.എസ്.ഡി4/448/2016, തീയതി 19/04/2016). എന്നാൽ 2015-16 മുതൽ 2022-23 വരെയുള്ള വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

2015-16 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ

ഉൾപ്പെട്ടിട്ടുള്ള 16 രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഈ ഇനത്തിൽ 5745/- രൂപയുടെ നഷ്ടം ഉണ്ടായതായി കാണുന്നു. (വിശദാംശം ഖണ്ഡിക 1-11 ൽ)

## 1-10 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

I) 2022-23 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി പത്രികകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ അർദ്ധവാർഷിക വരുമാനത്തിനനുസരിച്ചാണോ നികുതി ഈടാക്കിയിട്ടുള്ളത് എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

II) രജിസ്റ്റർ പ്രകാരമുള്ള രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ ചുവടെ പറയുന്ന ക്രമ നമ്പർ 1,2 എന്നീ സ്ഥാപനങ്ങളുടേയും ക്രമ നമ്പർ 3,4 എന്നീ വ്യക്തികളുടേയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| 1 | മാവേലിസ്റ്റോർ |
| 2 | ദേലംപാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 3 | സി.ഡി.എസ്.അക്കൗണ്ടന്റ് |
| 4 | ഡോ.ജനാർദ്ധന |

III) ദീപു, സിവിൽ എഞ്ചിനീയർ കൺസൾട്ടന്റിന്റെ രണ്ടാം അർദ്ധവാർഷിക വരുമാനം രജിസ്റ്ററിൽ 60000/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് പ്രകാരം 600/- രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 500/- രൂപയാണ് തൊഴിൽ നികുതിയായി ഒടുക്കിയിട്ടുള്ളത് (രസീത് നമ്പർ 1220502633, 20/2/2023).

IV) തൊഴിൽ നികുതി സംബന്ധിച്ച ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/16.9.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾക്കുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-11 റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്തിട്ടില്ല.

2015-16 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ പരിശോധിച്ചതിൽ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | കെട്ടിട നമ്പർ | തുക |
|---|---|---|---|---|
| 1 | 14/02/2018 | 117010102374 | 13/268 | 83 |
| 2 | 16/02/2019 | 118010102412 | 2/154 | 454 |
| 3 | 22/03/2019 | 118010102998 | 4/254 | 451 |
| 4 | 04/07/2019 | 119010101567 | 3/172 | 16 |
| 5 | 24/09/2019 | 119010102189 | 7/34 | 3 |
| 6 | 01/11/2019 | 119010102473 | 9/240 | 143 |
| 7 | 21/12/2019 | 119010103321 | 10/107 | 24 |
| 8 | 05/02/2020 | 119010103950 | 1/360 | 341 |
| 9 | 29/06/2020 | 120010100309 | 7/73 | 41 |

| | | | | |
|---|---|---|---|---|
| 10 | 09/12/2020 | 120010101789 | 5/229 | 34 |
| 11 | 10/12/2020 | 120010101805 | 4/242 | 1815 |
| 12 | 05/02/2021 | 120010102969 | 14/161A | 63 |
| 13 | 12/02/2021 | 120010103226 | 14/184 | 57 |
| 14 | 17/02/2021 | 120010103383 | 15/220 | 640 |
| 15 | 20/03/2021 | 120010104149 | 14/114A | 1000 |
| 16 | 21/06/2021 | 121010100221 | 4/401A | 580 |
| ആകെ തുക | | | | 5745 |

ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/18.9.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതയ്ക്കുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-12 ഗുണഭോക്താക്കളുടെ മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു.

1) 2022-23 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം “സേവന” വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചതിൽ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിരിക്കുന്നു.

| ക്രമ നം | പേര്, പെൻഷൻ ഇനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | അഹമ്മദ് (വാർദ്ധക്യകാല പെൻഷൻ) | 111900202270 | 24/01/2023 | 2/23 മുതൽ 4/23 വരെ (1600 X 3) | 4800 |
| 2 | കുസപ്പ ഗൗഡ (വാർദ്ധക്യകാല പെൻഷൻ) | 111900201494 | 2/02/2023 | 3/23 മുതൽ 4/23 വരെ (1600 X 2) | 3200 |
| 3 | അമ്മിണി (വാർദ്ധക്യകാല പെൻഷൻ) | 111900200578 | 28/10/2022 | 11/22 മുതൽ 4/23 വരെ (1600 X 6) | 9600 |
| ആകെ | | | | | 17600 |

പെൻഷൻ ഇനത്തിൽ നൽകിയ തുകയായ 17600/- രൂപ തിരികെ ഈടാക്കി ഡി ബി ടി സെല്ലിലേക്ക് തിരിച്ചടച്ച് വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) ദേലംപാടി ഗ്രാമ പഞ്ചായത്തിൽ ഡെത്ത് രജിസ്ട്രേഷൻ ചെയ്യപ്പെട്ടിട്ടുള്ള കാറഡുക്ക ഗ്രാമ പഞ്ചായത്ത് പരിധിയിലെ ഗുണഭോക്താവിന് മരണശേഷവും കാറഡുക്ക ഗ്രാമ പഞ്ചായത്തിൽ നിന്നും പെൻഷൻ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്, പെൻഷൻ ഇനം, സ്ഥാപനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | മണികണ്ഠൻ.ആർ.വി (ഡിസബിലിറ്റി പെൻഷൻ - കാറഡുക്ക ഗ്രാമപഞ്ചായത്ത്) | 111890400447 | 21/02/2023 | 3/23 മുതൽ 6/23 വരെ (1600 X 4) | 6400 |
| | ആകെ | | | | 6400 |

ഇത്തരത്തിൽ പെൻഷൻ വിതരണം ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അല്ലാതെ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ മരണം രജിസ്ട്രേഷൻ ചെയ്യുന്ന സാഹചര്യത്തിൽ മരണം നടന്നത് സ്ഥാപനത്തിൽ അറിയാതെപോകുന്നതിനാൽ മരണ ശേഷവും വ്യക്തിയുടെ പെൻഷൻ വിതരണം നടന്നുവരുന്നു. മേൽ സ്ഥാപനത്തിനെ വിവരം അറിയിക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

### 1-13 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി-മുൻകൂർ തുക നൽകിയിട്ടും മുഴുവൻ തുകയുടേയും മരുന്ന് ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ)

| | |
|---|---|
| അടങ്കൽ തുക | 99,000 രൂപ |
| ചെലവ് തുക | 99,000 രൂപ (ബിൽ റഫറൻസ് നമ്പർ : 22200252011800319601 തിയ്യതി 16.7.2022) |
| ഫണ്ട് ഇനം | മെയിന്റനൻസ് നോൺ-റോഡ് |
| പ്രൊജക്ട് നമ്പർ | 8/2022-23 |
| പ്രൊജക്ടിന്റെ പേര് | ദേലമ്പാടി ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ (ഹോംകോ) അക്കൗണ്ടിലേക്ക് മേൽ ബിൽ പ്രകാരം 99,000രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (അക്കൗണ്ട് നമ്പർ-34306403911) എന്നാൽ 99,000 രൂപയിൽ 71,916 രൂപയുടെ മരുന്ന് മാത്രമാണ് ഹോമിയോ ഡിസ്പെൻസറിയിൽ ലഭ്യമായത്. അവശേഷിച്ച 27,084 രൂപയുടെ മരുന്ന് ഹോമിയോ ഡിസ്പെൻസറിയിൽ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കി ഇൻവോയ്സും, സ്റ്റോക്ക് എൻട്രി രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 27,084 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 14/2022-23 തിയ്യതി 15.9.2023 )

### 1-14 മുളിയാർ സി.എച്ച്.സി ഡയാലിസിസ് യൂണിറ്റിന് വിഹിതം നൽകിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ മുളിയാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി ചുവടെ ചേർത്ത പ്രകാരം 3,00,000/-രൂപ നൽകിയിട്ടുണ്ട് .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 141/2022-23 |
| പ്രൊജക്ടിന്റെ പേര് | ഡയാലിസിസ് യൂണിറ്റിന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ തുക | 3,00,000 രൂപ |
| ചെലവ് തുക | 3,00,000 രൂപ |
| ബിൽ റഫറൻസ് നമ്പർ/ തിയ്യതി | 222002520121006974444<br>തിയ്യതി:27.10.2023 |
| ഫണ്ട് ഇനം | വികസന ഫണ്ട് (ജനറൽ) |
| സ്ഥാപനം | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുളിയാർ |
| അക്കൗണ്ട് നമ്പർ | 720011400000130 |

തുകയുടെ ചെലവ് സാധൂകരിക്കുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുകയായ 3,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ : 15/2022-23 തിയ്യതി : 15.9.2023 )

1-15 ലൈഫ് ഭവന പദ്ധതി, ഒ.ഡി.എഫ് -ഗുണഭോക്താക്കൾ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് (രണ്ടാം ഘട്ടം,മൂന്നാം ഘട്ടം) ഭവന പദ്ധതികളിലായി 15 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. കൂടാതെ ഭവന പുനരുദ്ധാരണം, ODF പദ്ധതി എന്നിവ പ്രകാരവും നിർമ്മാണങ്ങൾ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു. നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുവാനും, നിർമ്മാണം പൂർത്തീകരിച്ചിട്ടും തുടർ ഗഡുക്കൾ നൽകാത്ത ഗുണഭോക്താക്കൾക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾ | യൂണിറ്റ് കോസ്റ്റ് | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | മീനാക്ഷി W/O ശ്രീകുമാർ ,ഓട്ടമല | 6,00,000 | 420000 | മേൽക്കൂര |
| 2 | പൂർണ്ണിമW/O സുരേഷ്,ഓട്ടമല | 6,00,000 | 420000 | മേൽക്കൂര |
| 3 | കുഞ്ഞിരാമൻ S/Oകണ്ണൻ | 6,00,000 | 460000 | മേൽക്കൂര |
| 4 | ചന്ദ്രാവതി W/O പ്രകാശൻ | 6,00,000 | 420000 | ഭിത്തി |
| 5 | ജാനകി W/O | 6,00,000 | 190000 | ഭിത്തി |
| 6 | ചന്ദ്രൻ S/O ഗോപാലൻ | 6,00,000 | 190000 | തറ |
| 7 | ജയന്തി W/O മോഹന.ബി | 6,00,000 | 310000 | ഭിത്തി |
| 8 | പുഷ്പ .എം W/Oബാബു .കെ.എം | 6,00,000 | 420000 | മേൽക്കൂര |
| 9 | തങ്കുനി W/O മത്താടി | 4,00,000 | 3,00,000 | മേൽക്കൂര |
| 10 | സുരേഷ് .എം.S/O കൊറഗ | 4,00,000 | 320000 | മേൽക്കൂര |
| 11 | തിമ്മയ്യ S/O കുട്ടി (L ) | 4,00,000 | 50,000 | ഫൗണ്ടേഷൻ |
| 12 | പ്രേമ.D/O കൊറഗ | 4,00,000 | 2,00,000 | ഭിത്തി |
| 13 | രാജു.H/O സുമിത്ര | 4,00,000 | 2,00,000 | തറപ്പണി |

| | | | | |
|---|---|---|---|---|
| 14 | ലളിതW/O ബാബു.ബി. | 4,00,000 | 2,00,000 | തറപ്പണി |
| 15 | പ്രമീള.W/O വാസു. | 4,00,000 | 2,00,000 | തറപ്പണി |
| കക്കൂസ് നിർമ്മാണം (ODF) | | | | |
| ക്രമ നമ്പർ | ഗുണഭോക്താക്കൾ | യൂണിറ്റ് കോസ്റ്റ് | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
| 1 | ജയന്തി W/O തിമ്മയ്യ | 12000 | 6000 | പ്രവൃത്തി ആരംഭിച്ചു |
| 2 | ആയിഷ W/Oസുലൈമാൻ | 12000 | 6000 | പ്രവൃത്തി ആരംഭിച്ചു |
| 3 | ബാലപ്പ H/O സിന്ധു | 12000 | 6000 | പ്രവൃത്തി ആരംഭിച്ചു |
| ഭവന പുനരുദ്ധാരണം | | | | |
| ക്രമ നമ്പർ | ഗുണഭോക്താക്കൾ | യൂണിറ്റ് കോസ്റ്റ് | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
| 1 | മാലിങ്ക മുഖാരി S/O രാമ മുഖാരി | 1,00,000 | 50000 | പ്രവൃത്തി ആരംഭിച്ചു |
| 2 | ദേവകി W/O ഗംഗാധരൻ | 1,00,000 | 50000 | പ്രവൃത്തി ആരംഭിച്ചു |
| 3 | ഖദീജ W/O മുഹമ്മദ് | 1,00,000 | 50000 | പ്രവൃത്തി ആരംഭിച്ചു |
| 4 | നാരായണി W/O രാമുട്ടി | 1,00,000 | 50000 | പ്രവൃത്തി ആരംഭിച്ചു |

തുക കൈപ്പറ്റി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ആട് വളർത്തൽ വനിതകൾ (ജനറൽ) ഗുണഭോക്താവിന് സബ്സിഡി തുക അധികം അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നം. | SO203/23 |
| പ്രോജക്ടിന്റെ പേര് | ആട് വളർത്തൽ വനിതകൾ (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി ദേലംപാടി |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ ) - 10,000/- |
| ചെലവ് തുക | വികസന ഫണ്ട് (ജനറൽ ) - 10,000/- |
| ബിൽ റഫറൻസ് നമ്പർ, തീയതി. | 22200252011700527108, തീയതി.13.09.2022, Rs.10,000/- |

വെറ്റിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പാക്കിയ ആട് വളർത്തൽ വനിതകൾ (ജനറൽ)പദ്ധതി പ്രകാരം 10,000/-രൂപ രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ ആസിയമ്മ W/o അബ്ദുൾ ഗഫൂർ, അഡുക്കം വീട് ഉർദ്ദൂർ പി.ഒ, അഡൂർ എന്ന ഗുണഭോക്താവ് 2 ആടിനെ വാങ്ങുകയുണ്ടായി. എന്നാൽ ആടുകളെ വാങ്ങുന്നതിന് അനുവദിച്ച സബ്സിഡി , ജില്ലാതല യൂണിറ്റ് കോസ്റ്റിൽ പരാമർശിച്ചതിലും അധികമായതിനാൽ 2,000/- രൂപയുടെ അധിക ചെലവുണ്ടായി. വിശദാംശങ്ങൾ ഖ:3-1 ൽ ചേർത്തിട്ടുണ്ട്.

## 1-17 മല്ലംപാറ എസ്.ടി കോളനി കമ്മ്യൂണിറ്റി ഹാളിന് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | SO227/23 |
| പ്രോജക്ടിന്റെ പേര് | മല്ലംപാറ എസ്.ടി കോളനി കമ്മ്യൂണിറ്റി ഹാളിന് ഫർണ്ണിച്ചർ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി, ദേലംപാടി ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 1,00,000/- വികസന ഫണ്ട് (ടി.എസ്.പി) |
| ചെലവ് തുക | 99,940/-രൂപ |
| ബിൽ റഫറൻസ് നമ്പർ, തീയതി | 22200252011301453931, തീയ്യതി.23.03.2023,Rs.99,940/- |

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മല്ലംപാറ എസ്.ടി കോളനി കമ്മ്യൂണിറ്റി ഹാളിന് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതിക്കായി (പ്രൊജക്ട് നമ്പർ SO227/23) ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 13.03.2023 തീയ്യതിയിലെ 1/59/2023(2) നമ്പർ തീരുമാന പ്രകാരം 263 പ്ലാസ്റ്റിക് കസേരകൾ (കൈയുള്ളത്) വാങ്ങുന്നതിനുവേണ്ടി വികസന ഫണ്ടിൽ (ടി.എസ്.പി) നിന്നും 99,940/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ തോട്ടത്തിൽ എന്റർപ്രൈസസ് ചെർക്കള എന്ന സ്ഥാപനത്തിൽ നിന്നും (സപ്ലൈ ഓർഡർ നം.എ.എസ്.01/2023 തീയ്യതി.15.03.2023) ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. സ്ഥാപനത്തിന്റെ 18.03.2023 തീയ്യതിയിലെ ഇൻവോയ്സ് നമ്പർ.022 പ്രകാരം 99,940/-രൂപ മേൽ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.42043070001694) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി

ഈ പദ്ധതി പ്രകാരം വാങ്ങിയ കസേരകൾ മല്ലംപാറ എസ്.ടി കോളനി കമ്മ്യൂണിറ്റി ഹാളിലേക്ക് വിതരണം ചെയ്ത് കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രശീതികൾ, കമ്മ്യൂണിറ്റി ഹാൾ കൺവീനർ കസേരകൾ കൈപ്പറ്റി അവ സ്റ്റോക്കിൽ എടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിക്കായി തയ്യാറാക്കിയ എഗ്രിമെന്റിൽ കരാർ വ്യവസ്ഥകൾ ഒന്നും തന്നെ രേഖപ്പെടുത്തുകയോ, നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി വാങ്ങിയ കസേരകളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകളും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 18.09.2023 ന് നൽകിയ 31-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 99,940/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 വൃദ്ധർക്കും കിടപ്പിലായവർക്കും കട്ടിൽ(എസ്.സി) വിതരണം - അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം. | SO140/23 |
| പ്രോജക്ടിന്റെ പേര് | വൃദ്ധർക്കും കിടപ്പിലായവർക്കും കട്ടിൽ - എസ്.സി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി, ദേലംപാടി ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 1,25,000/- വികസന ഫണ്ട് (എസ്.സി.പി ) |
| ചെലവ് തുക | 1,22,450/-രൂപ |
| ബിൽ റഫറൻസ് നമ്പർ, തീയതി | 22200252011301453932 തീയ്യതി.23.03.2023,Rs.1,22,450/- |

ദേലംപാടി ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വൃദ്ധർക്കും കിടപ്പിലായവർക്കും കട്ടിൽ - എസ്.സി (പ്രോജക്ട്.നം.SO140/23) എന്ന പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിരാലംബരായ 60 വയസ്സ് കഴിഞ്ഞ 31 വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി 1,22,450/-രൂപ ആർട്ട്കോ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന്

നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്ത ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്നത് തെളിയിക്കുന്നതിനുള്ള ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (സ.ഉ.(കൈ) നം.115/2022/LSGD, 28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.17)

A) ചെനിയാറു W/o കരിയ,കല്ലഡുക്ക, വാർഡ് - 2

B) കമല W/o ചോമ, അമ്പട്ടമൂല, വാർഡ് - 10

C) ചോമ W/o ചെനിയ, പാണ്ടി, വാർഡ് - 11

2) വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ പദ്ധതി പ്രകാരം വയോജനങ്ങൾക്ക് നൽകുന്നതിനായി വാങ്ങിയ 31 കട്ടിലുകളിൽ 8 എണ്ണം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ അവശേഷിക്കുന്നതായി കാണുകയുണ്ടായി . മേൽ അപാകതകൾ സൂചിപ്പിച്ച് 20.09.2023 ന് നൽകിയ 35-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന കട്ടിലുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റുകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പരാമർശിത രേഖകൾ ഹാജരാക്കുന്നതുവരെ 1,22,450/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 ആന മതിൽ പദ്ധതി-ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ.- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | S0099/23 |
| പ്രോജക്ടിന്റെ പേര് | ആന മതിൽ -ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ )8,00,000/- |
| ചെലവ് തുക | 8,00,000/- |
| ബിൽ റഫറൻസ് നമ്പർ, തീയതി | 22200252011500854788<br>തീയ്യതി.02.12.2022 Rs.8,00,000/- |

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് റേഞ്ചിലെ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിൽപ്പെടുന്ന വനമേഖലയ്ക്ക് പുറത്തുള്ള ജനവാസകേന്ദ്രങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കാട്ടാന ശല്യം പരിഹരിക്കുന്നതിനുവേണ്ടി കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെയും മുളിയാർ, കാറഡുക്ക, ദേലംപാടി, കുറ്റിക്കോൽ, ബേഡഡുക്ക ഗ്രാമ പഞ്ചായത്തുകളുടെയും, വനം-വന്യ ജീവി വകുപ്പ് കാസർഗോഡ് വനം ഡിവിഷന്റെയും സംയോജിത പദ്ധതിയായ കാറഡുക്ക ആന പ്രതിരോധ പദ്ധതി (KAPP-2021) പ്രകാരം സൗരോർജ്ജ തൂക്കുവേലിയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും വിജയകരമായി നടപ്പിലാക്കുന്നതിന് ദേലംപാടി ഗ്രാമ പഞ്ചായത്തിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിലെ പ്രവർത്തനങ്ങൾക്കായി 8,00,000/-രൂപ പദ്ധതി വിഹിതമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ (KERALA FOREST DEVELOPMENT AGENCY)അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്(അക്കൗണ്ട് നം. 01692201000167). ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും, തുകയുടെ കൈപ്പറ്റ് രസീതിയും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 18.09.2023 ന് നൽകിയ 24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പരാമർശിത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 8,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 വൃദ്ധർക്കും കിടപ്പിലായവർക്കും കട്ടിൽ(എസ്.ടി) വിതരണം അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം. | S0116/23 |
| പ്രോജക്ടിന്റെ പേര് | വൃദ്ധർക്കും കിടപ്പിലായവർക്കും കട്ടിൽ - എസ്.ടി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി, ദേലംപാടി ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 5,75,000/- വികസന ഫണ്ട് (ടി.എസ്.പി ) |
| ചെലവ് തുക | 5,53,000/-രൂപ |
| ബിൽ റഫറൻസ് നമ്പർ, തീയതി | 222002520113 01453933,<br>തീയ്യതി.28.03.2023, Rs.2,76,500/- |
| | 222002520113 01539630,<br>തീയ്യതി.28.03.2023, Rs.2,76,500/- |

ദേലംപാടി ഗ്രാമ പഞ്ചായത്തിൽ 2022-23വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വൃദ്ധർക്കും കിടപ്പിലായവർക്കും കട്ടിൽ - എസ്.ടി (പ്രോജക്ട്.നം.S0116/23) എന്ന പദ്ധതി പ്രകാരം 140 കട്ടിലുകൾ വിതരണം ചെയ്തതിന്റെ പ്രതിഫലമായി ആർട്ട്കോ ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിന് 5,53,000/-രൂപ മേൽ പ്രകാരം അനുവദിച്ചിട്ടുണ്ട്. (സപ്ലൈ ഓർഡർ നം.എ.എസ്.01/2023 തീയ്യതി.23.01.2023) (ഇൻവോയ്സ് നം.KKD-688/22.03.2023 & ഇൻവോയ്സ് നം. KKD-596/20.03.2023) പദ്ധതിയുടെ നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) 28.05.22 ലെ സ.ഉ (കൈ) നം. 115/2022/തസ്വഭവ നമ്പർ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.14.2 പ്രകാരം അറുപത് വയസ്സ് തികഞ്ഞ വൃദ്ധർക്കാണ് കട്ടിൽ വിതരണം നടത്തേണ്ടിയിരുന്നത്. എന്നാൽ അറുപത് വയസ്സ് തികയാത്ത 14 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തതായി ഫയൽ പരിശോധനയിൽ കാണുകയുണ്ടായി. അറുപത് വയസ്സ് തികയാത്ത 14 ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

I) ജനാർദ്ദന നായ്ക്ക് S/o ഈശ്വര നായ്ക്ക്, കക്കപാടി, വാർഡ് - 3 എന്നവരുടെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 59, (1964-ജനിച്ചവർഷം)

Ii) ചിംപ്ല C/o കുഞ്ഞണ്ണ നായ്ക്ക്, മല്ലംപാറ, വാർഡ് - 8 എന്നവരുടെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 58 , (1965-ജനിച്ചവർഷം)

Iii) മാധവൻ S/o ചെനിയ,ഒറ്റകൊച്ചി, വാർഡ് - 7 എന്നവരുടെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 56 , (1967-ജനിച്ചവർഷം)

Iv) ശാരദ.എസ് W/o രാമൻ നായ്ക്ക് , ചാമകൊച്ചി, വാർഡ് - 7 എന്നവരുടെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 52 , (1971-ജനിച്ചവർഷം)

V) കസ്തൂരി D/o ഈശ്വര നായ്ക്ക്, പയറഡുക്ക വാർഡ് - 7 എന്നവരുടെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 51 , (1972-ജനിച്ചവർഷം)

Vi) കല്യാണി W/o രാഘവ, ഒതിയപദവ് വാർഡ് - 15 എന്നവരുടെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 45 , (1978-ജനിച്ചവർഷം)

Vii) ലളിത W/o മാധവ, പയറഡുക്ക, വാർഡ് - 7 എന്നവരുടെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 59 , (1964-ജനിച്ചവർഷം)

Viii) സരോജിനി W/o ബുദ്ധ നായ്ക്ക്, ചാമകൊച്ചി, വാർഡ് - 7 എന്നവരുടെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 58 , (1965-ജനിച്ചവർഷം)

Ix) ജാനകി W/o നാരായണൻ,മല്ലംപാറ, വാർഡ് - 8 എന്നവരുടെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 52 , (1971-ജനിച്ചവർഷം)

X) സുഗന്ധി W/o മർദ്ദ നായ്ക്ക്, കർത്തിമാർ, വാർഡ് - 6 എന്നവരുടെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 56 , (1967-ജനിച്ചവർഷം)

Xi) ലീലാവതി W/o സുബ്ബ നായ്ക്ക്, ചാമകൊച്ചി, വാർഡ് - 8 എന്നവരുടെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 58 , (1965-ജനിച്ചവർഷം)

Xii) ബാലകൃഷ്ണ സി.എച്ച് S/o കുഞ്ഞിനായ്ക്ക്, ചാമകൊച്ചി, വാർഡ് - 7 എന്നവരുടെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 57 , (1966-ജനിച്ചവർഷം)

Xiii) പോമ്മച്ച W/o ബുദ്ധ നായ്ക്ക്, മല്ലംപാറ, വാർഡ് - 8 എന്നവരുടെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 59 , (1964-ജനിച്ചവർഷം)

Xiv) പത്മാവതി W/o ദേവപ്പ നായ്ക്ക്, വാർഡ് - 6 എന്നവരുടെ ആധാർ നമ്പർ പ്രകാരമുള്ള വയസ്സ്- 55 , (1968-ജനിച്ചവർഷം)

2) ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്ത ഗുണഭോക്താക്കൾ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് തെളിയിക്കുന്നതിനുള്ള ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (സ.ഉ.(കൈ) നം.115/2022/LSGD, 28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.17) . ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്ത 26 ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

I) കൃഷ്ണ നായ്ക്ക് S/o മാലിങ്ക നായ്ക്ക്, വാർഡ് - 13

Ii) ചോമു W/o ചെനിയ , ഒറ്റകൊച്ചി, വാർഡ് - 7

Iii) കാവേരി C/o ബാഗു ഭായി, വാർഡ് - 16

Iv) ബാലു നായ്ക്ക് S/o കുഞ്ഞപ്പ നായ്ക്ക്, കക്കപ്പാടി, വാർഡ് - 15

V) ദേവകി W/o ബാബു നായ്ക്ക്, തൽപ്പച്ചേരി, വാർഡ് - 5

Vi) മാധവൻ S/o ചെനിയ, ഒറ്റകൊച്ചി, വാർഡ് - 7

Vii) ശാരദ.എസ് W/o രാമൻ നായ്ക്ക് , ചാമകൊച്ചി, വാർഡ് - 7

Viii) സരസ്വതി W/o ബാലകൃഷ്ണ, വാർഡ് - 4

Ix) കസ്തൂരി D/o ഈശ്വര നായ്ക്ക്, പയറഡുക്ക വാർഡ് - 7

X) പാർവ്വതി W/o കൃഷ്ണ നായ്ക്ക് , വാർഡ് - 16

Xi) പുഷ്പാവതി W/o കുഞ്ഞനായ്ക്ക്, മാവിനടി, വാർഡ് - 6

Xii) ചെനിയ നായ്ക്ക് S/o ഈശ്വര നായ്ക്ക് പയറഡുക്ക, വാർഡ് - 7

Xiii) ലളിത W/o മാധവ, പയറഡുക്ക, വാർഡ് - 7

Xiv) സരോജിനി W/o ബുദ്ധ നായ്ക്ക്, ചാമകൊച്ചി, വാർഡ് - 7

Xv) കമല W/o ചെനിയ നായ്ക്ക്, മല്ലംപാറ, വാർഡ് - 8

Xvi) ജാനകി W/o നാരായണൻ,മല്ലംപാറ, വാർഡ് - 8

Xvii) സുന്ദര എം S/o ഐത്തപ്പ നായ്ക്ക്, വാർഡ് - 12

Xviii) ജയന്തി W/o കൊറഗപ്പ , കട്ടികജെ, വാർഡ് - 7

Xix) അണ്ണപ്പ നായ്ക്ക് S/o ഐത്തപ്പ നായ്ക്ക്, വാർഡ് - 8

Xx) ലീലാവതി W/o സുബ്ബ നായ്ക്ക്, ചാമകൊച്ചി, വാർഡ് - 8

Xxi) ബാലകൃഷ്ണ സി.എച്ച് S/o കുഞ്ഞിനായ്ക്ക്, ചാമകൊച്ചി, വാർഡ് - 7

Xxii) കൃഷ്ണ നായ്ക്ക് S/o കൊറഗ നായ്ക്ക് പയറഡുക്ക, വാർഡ് - 7

Xxiii) ഹൊണ്ണമ്മ W/o കൃഷ്ണ നായ്ക്ക് , വാർഡ് - 7

Xxiv) പോമ്മച്ച W/o ബുദ്ധ നായ്ക്ക്, മല്ലംപാറ, വാർഡ് - 8

Xxv) അണ്ണപ്പ നായ്ക്ക് S/o നാരായണ , വാർഡ് - 5

Xxvi) ജാനകി W/o ബുദ്ധ നായ്ക്ക് , വാർഡ് - 14

Xxvii) പത്മാവതി W/o ദേവപ്പ നായ്ക്ക്, വാർഡ് - 6

3) വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ പദ്ധതി പ്രകാരം വയോജനങ്ങൾക്ക് നൽകുന്നതിനായി വാങ്ങിയ 140 കട്ടിലുകളിൽ 36 എണ്ണം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ അവശേഷിക്കുന്നതായി കാണുകയുണ്ടായി . മേൽ അപാകതകൾ സൂചിപ്പിച്ച് 20.09.2023 ന് നൽകിയ 34-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന കട്ടിലുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ അറുപത് വയസ്സ് തികയാത്ത 14 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തതിനുള്ള കാരണം വിശദമാക്കേണ്ടതും, ക്രമ നം.2 ൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പരാമർശിത രേഖകൾ ഹാജരാക്കുന്നതുവരെ 5,53,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 പട്ടിക വർഗ്ഗ വിഭാഗത്തിലെ കർഷകർക്ക് തെങ്ങിൻ തൈ വിതരണം അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0202/23 |
| പ്രോജക്ടിന്റെ പേര് | തെങ്ങിൻ തൈ വിതരണം പട്ടിക വർഗ്ഗം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, |
| അടങ്കൽ | വികസന ഫണ്ട് (ടി.എസ്.പി )68,175/- |
| ചെലവ് തുക | 68,175 |
| ബിൽ റഫറൻസ് നമ്പർ, തീയതി | 2220025201150085 4793,തീയ്യതി.02.12.2022 Rs.68,175/- |

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ പട്ടിക വർഗ്ഗ വിഭാഗത്തിലെ 78 കർഷകർക്ക് തെങ്ങിൻ തൈ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കുന്നതിനായി വികസന ഫണ്ടിൽ (ടി.എസ്.പി ) നിന്നും 68,175/-രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല പടന്നക്കാട് എന്ന സ്ഥാപനത്തിന്റെ 03.08.2022 തീയതിലെ 204/K/000010/2022-2023(IF2) ഇൻവോയ്സ് നമ്പർ പ്രകാരം 304 എണ്ണം തെങ്ങിൻ തൈകൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ഗുണഭോക്താക്കൾ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് തെളിയിക്കുന്നതിനുള്ള ജാതി സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതായി കാണുകയുണ്ടായി കൂടാതെ, ഗ്രാമ സഭ മുഖേന തെരഞ്ഞെടുത്ത് ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ല. ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 18.09.2023 ന് നൽകിയ 27-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 68,175/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 പട്ടിക വർഗ്ഗ വിഭാഗത്തിലെ കർഷകർക്ക് മാവിൻതൈ വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0249/23 |
| പ്രോജക്ടിന്റെ പേര് | പട്ടിക വർഗ്ഗ വിഭാഗത്തിലെ കർഷകർക്ക് |

| | |
|---|---|
| | മാവിൻതൈ വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, |
| അടങ്കൽ | വികസന ഫണ്ട് (ടി.എസ്.പി )21,024/- |
| ചെലവ് തുക | 21,024 |
| ബിൽ റഫറൻസ് നമ്പർ, തീയതി | 222002520115011169965,തീയ്യതി.10.02.2023 Rs.21,024/- |

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ പട്ടിക വർഗ്ഗ വിഭാഗത്തിലെ 74 കർഷകർക്ക് മാവിൻതൈ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കുന്നതിനായി വികസന ഫണ്ടിൽ (ടി.എസ്.പി ) നിന്നും 21,024/-രൂപ ചെലവഴിച്ചിട്ടുണ്ട്. കാഷ്യു ഡെവലപ്പ്മെന്റ് ഓഫീസർ കുണ്ടാറിന്റെ 20.01.2023 തീയതിലെ സി.ഡി 310/2022 നമ്പർ ബിൽ പ്രകാരം 2600 എണ്ണം മാവിൻ തൈകൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ഗുണഭോക്താക്കൾ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് തെളിയിക്കുന്നതിനുള്ള ജാതി സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതായി കാണുകയുണ്ടായി. കൂടാതെ, ഗ്രാമ സഭ മുഖേന തെരഞ്ഞെടുത്ത് ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ല ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 18.09.2023 ന് നൽകിയ 26-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 21,024/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 പോഷകവാടി പദ്ധതി നടപ്പിലായിട്ടില്ല - ചെലവ് തുകയായ 75,000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | SO101/23 |
| പ്രോജക്ടിന്റെ പേര് | ഞങ്ങളും കൃഷിയിലേക്ക് - പോഷകവാടി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ )30,000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം -15,000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം - 30,000/-<br>ആകെ = 75,000/- |
| ചെലവ് തുക | വികസന ഫണ്ട് (ജനറൽ )30,000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം -15,000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം - 30,000/-<br>ആകെ = 75,000/- |
| ബിൽ റഫറൻസ് നമ്പർ, തീയതി | 222002520115011427850, തീയ്യതി.21.03.2023, Rs.30,000/- |
| | 222002520115011427867, തീയ്യതി.21.03.2023, Rs.15,000/- |
| | 222002520115011427903 തീയ്യതി.21.03.2023, Rs.30,000/- |

പഞ്ചായത്ത് തിരഞ്ഞെടുത്ത് അംഗീകരിച്ച 15 അങ്കണവാടികൾക്ക് 100 ശതമാനം സബ്സിഡിയിൽ ഓരോ അങ്കണവാടിയിലും നടീൽ മിശ്രിതം നിറച്ച 10 ഇഞ്ച് വ്യാസമുള്ള 20 എണ്ണം വീതം മൺചട്ടികളും, വെണ്ട, മുളക്, തക്കാളി, വഴുതന തുടങ്ങിയ പച്ചക്കറി തൈകളും നൽകുന്നതിനും പച്ചക്കറി ചെടികളുടെ വളർച്ചക്കാവശ്യമായ മൂലകങ്ങൾ ഫലപ്രദമായി ലഭ്യമാക്കുന്നതിനായി നൂതന സാങ്കേതികവിദ്യയിലൂടെ തയ്യാറാക്കിയ ന്യൂട്രിസ്റ്റിക്കിന്റെ ഉപയോഗം ഉൾപ്പെടുത്തി ഒരു ചെടിക്ക് വളർച്ചാഘട്ടത്തിൽ 2 വീതം ന്യൂട്രിസ്റ്റിക്കുകളും ജലസേചനം ഫലപ്രദമാക്കുന്നതിന് കണികാ ജലസേചനവും നടപ്പിലാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി ചുവടെ പറയുന്ന 15 അങ്കണവാടികളെ തിരഞ്ഞെടുത്തിട്ടുണ്ട്.

| ക്രമ നമ്പർ | സെൻ്റർ നമ്പർ | അങ്കണവാടി |
|---|---|---|
| 1 | 4 | ഉജ്ജംപാടി |
| 2 | 10 | അഡൂർ |
| 3 | 11 | ദേവറഡ്ക്ക |
| 4 | 12 | കോരിക്കാനടം |
| 5 | 13 | ചേരക്കണ്ടം |
| 6 | 14 | മൊഗർ |
| 7 | 15 | മാണിയൂർ |
| 8 | 16 | പൊനോരം |
| 9 | 17 | ബാലനടുക്ക |
| 10 | 19 | മുതുവത്തുമൂല |
| 11 | 20 | ബളവന്തടുക്ക |
| 12 | 21 | പാണ്ടി |
| 13 | 22 | കാട്ടിപ്പാറ |
| 14 | 24 | മല്ലംപാറ |
| 15 | 25 | പയറടുക്ക |

മേൽ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന ഇനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | ബിൽ നമ്പർ, തീയതി | ഇനം | തുക |
|---|---|---|---|---|
| 1 | റെയ്ഡ്കോ കേരള ലിമിറ്റഡ് | KSD/716 /2022-2023, 17/3/2023 | Mini Drip Kit For 20 Pots | 11250 |
| 2 | സംസ്ഥാന സീഡ് ഫാം കാസറഗോഡ് | 123/2022-2023, 13/03/2023 | 1) 10 Inch Earthern Pot Filled With Potting Mixture (300 Nos)<br>2) Vegetable Seedlings (600 Nos)<br>3) Vegetable Seed Packets Assorted (15 Nos)<br>4) Nutri Stick (600 Nos) | 56400 |
| 3 | Parasite Breeding Station Karanthakkad, Kasaragod | 39/22-23, 13.03.2023 | 1)Trichoderma Enriched Coirpith Compost 150 Neem Garlic Soap (15)<br>2) Micro Nutrient Mixture Essenta For Vegetable 15 Pseudomonas 15 | 7350 |
| | | | ആകെ തുക | 75,000 |

മേൽ ബിൽ പ്രകാരം പൂർണ്ണമായും തുക നൽകിയിട്ടും നാളിതുവരേയും യാതൊരു ഇനവും ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ സാധനങ്ങൾ ലഭ്യമാകാതെ പൂർണ്ണമായും തുക നൽകാനുള്ള സാഹചര്യവും നാളിതുവരെ പദ്ധതി നടപ്പിലാക്കാത്തതിനുള്ള കാരണവും വിശദമാക്കുവാൻ ആവശ്യപ്പെട്ട് 18.09.2023 ന് നൽകിയ 25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രവും മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ ചെലവ് തുകയായ 75,000/-രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

1-24 പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം - അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം. | S0146/23 |
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടി |
| അടങ്കൽ | 2,66,667 വികസന ഫണ്ട് (എസ്.സി.പി ) |
| ചെലവ് തുക | 1,98,892/-രൂപ |
| ബിൽ റഫറൻസ് നമ്പർ, തീയതി | 22200252011301350092, തീയ്യതി.14.03.2023,Rs.1,98,892/- |

2022-23 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് (പ്രോജക്ട്.നം.S0146/23) വിതരണ പദ്ധതി പ്രകാരം 3490/-രൂപ നിരക്കിൽ (25 % ഗുണഭോക്തൃ വിഹിതം) 76 വാട്ടർ ടാങ്കുകൾ വിതരണം ചെയ്യതിനുള്ള പ്രതിഫലമിനത്തിൽ തോട്ടത്തിൽ എന്റർപ്രൈസസ് ചെർക്കള എന്ന സ്ഥാപനത്തിന് 1,98,892/-രൂപ അനുവദിച്ചിട്ടുണ്ട്.(വാട്ടർ ടാങ്കിന്റെ 75 % വില)(അക്കൗണ്ട് നം.42043070001694- ഇൻ വോയ്സ് നം.008/17.2.2023 & 006/16.02.2023). പദ്ധതിയുടെ നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്ത ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് തെളിയിക്കുന്നതിനുള്ള ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്ത 13 ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

I) ഭാഗി W/o ബപ്പയ്യ, കല്ലഡ്ക്ക, വാർഡ് - 2

Ii) ചന്ദ്രാവതി W/o ബാബു, വാർഡ് - 11

Iii) ദേവകി W/o സജ്ജീവ, ഒടരിമൂല, വാർഡ് - 12

Iv) കേശവ ഡി.സി S/o ചെനിയ, മുണ്ടക്കാട്, വാർഡ് - 5

V) ഗിരിജ W/o ബാബു, ദേവരഡുക്ക, വാർഡ് - 5

Vi) ബേബി W/o രാമൻ , ദേവരഡുക്ക, വാർഡ് - 5

Vii) കുഞ്ഞത്തി W/o ചോമ, ബോഗ്ര ദേവരഡുക്ക, വാർഡ് - 5

Viii) തങ്കണി W/o കുറുമ്പൻ, കൊട്ടയാടി, വാർഡ് - 15

Ix) ഗുലാബി W/o ജാനു, ദേവരഡുക്ക, വാർഡ് - 5

X) സുന്ദരി W/o രാമ, പള്ളത്തൂർ, വാർഡ് - 15

Xi) ജാനകി W/o നാരായണ, പള്ളത്തൂർ, വാർഡ് - 15

Xii) സുന്ദര S/o ചോമ, പള്ളത്തൂർ, വാർഡ് - 15

Xiii) കൊറപ്പാളു C/o രാമ പള്ളത്തൂർ, വാർഡ് - 15

2) വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ പദ്ധതി പ്രകാരം വാങ്ങിയ 76 വാട്ടർ ടാങ്കുകളിൽ 22 എണ്ണം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ അവശേഷിക്കുന്നതായി കാണുകയുണ്ടായി . മേൽ അപാകതകൾ സൂചിപ്പിച്ച് 20.09.2023 ന് നൽകിയ 37-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന വാട്ടർ ടാങ്കുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക്

ലഭ്യമാക്കേണ്ടതാണ്. കൂടാതെ മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റുകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പരാമർശിത രേഖകൾ ഹാജരാക്കുന്നതുവരെ 1,98,892/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം - അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം. | SO147/23 |
| പ്രോജക്ടിന്റെ പേര് | പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടി, ദേലംപാടി ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 4,36,250/- വികസന ഫണ്ട് (ടി.എസ്.പി ) |
| ചെലവ് തുക | 4,36,250/-രൂപ |
| ബിൽ റഫറൻസ് നമ്പർ, തീയതി | 22200252011301240182, തീയ്യതി.24.02.2023,Rs.4,36,250/- |

2022-23 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് (പ്രോജക്ട്.നം.SO147/23) വിതരണ പദ്ധതി പ്രകാരം 125 വാട്ടർ ടാങ്കുകൾ വിതരണം ചെയ്യുതിനുള്ള പ്രതിഫലമിനത്തിൽ തോട്ടത്തിൽ എന്റർപ്രൈസസ് ചെർക്കള എന്ന സ്ഥാപനത്തിന് 4,36,250/-രൂപ അനുവദിച്ചിട്ടുണ്ട്. (അക്കൗണ്ട് നം.42043070001694- ഇൻ വോയ്സ് നം.009/17.2.2023 & 010/17.02.2023). പദ്ധതിയുടെ നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്ത ഗുണഭോക്താക്കൾ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് തെളിയിക്കുന്നതിനുള്ള ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (സ.ഉ.(കൈ) നം.115/2022/LSGD, 28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.17) . ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്ത 18 ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

I) ബാബു നായ്ക്ക് S/o രാമണ്ണ നായ്ക്ക്, വാർഡ് - 10

Ii) രുഗ്മിണി കെ W/o പത്മനാഭ, കണിയാമൂല, വാർഡ് - 6

Iii) മാലിങ്ക എ.ബി D/o ബുദ്ധ നായ്ക്ക് , ചാമകൊച്ചി, വാർഡ് - 7

Iv) കണ്ണൻ S/o കൈക്കളൻ, അത്തനടി, വാർഡ് - 13

V) ശക്രാന്തി S/o ബെൽത്ത, കയർത്തൊടി, വാർഡ് - 5

Vi) മഹേഷ് ഡി S/o പത്മനാഭ, ചാമകൊച്ചി, വാർഡ് - 7

Vii) രേവതി W/o എൈത്തപ്പ നായ്ക്ക് ,ബാലവന്തടുക്ക, വാർഡ് - 11

Viii) പാർവ്വതി W/o രാമണ്ണ നായ്ക്ക്, ബഡിരടുക്കം, വാർഡ് - 11

Ix) ബുദ്ധ നായ്ക്ക് S/o മാലിങ്ക നായ്ക്ക് , പള്ളഞ്ചി, വാർഡ് - 9

X) വാസു നായ്ക്ക് S/o കൊറഗ നായ്ക്ക്, നാഗത്തമൂല, വാർഡ് - 11

Xi) അമ്മു ഭായി W/o മർദ്ദ നായ്ക്ക് , ബാലനടുക്കം, വാർഡ് - 12

Xii) പാല S/o കപാലൻ, കഡുമന, വാർഡ് - 9

Xiii) സരോജിനി W/o അണ്ണപ്പ നായ്ക്ക്, നാഗത്തമൂല, വാർഡ് - 11

Xiv) ഉമേശ ബി S/o ബാലുനായ്ക്ക്, ബാബയ്യമൂല, വാർഡ് - 12

Xv) വാമന S/o രാമ നായ്ക്ക് , ബാബയ്യമൂല, വാർഡ് - 12

Xvi) ഭാഗി W/o ബേഡു, കൊറിക്കണ്ടം, വാർഡ് - 4

Xvii) സരസ്വതി W/o ബാബു നായ്ക്ക് , ചന്ദ്രംബെയിൽ, വാർഡ് - 4

Xviii) രേവതി W/o ഹരിപ്രസാദ്, മല്ലംപാറ, വാർഡ് - 8

2) വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ പദ്ധതി പ്രകാരം വാങ്ങിയ 125 വാട്ടർ ടാങ്കുകളിൽ 45 എണ്ണം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ അവശേഷിക്കുന്നതായി കാണുകയുണ്ടായി . മേൽ അപാകതകൾ സൂചിപ്പിച്ച് 20.09.2023 ന് നൽകിയ 36-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന വാട്ടർ ടാങ്കുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റുകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പരാമർശിത രേഖകൾ ഹാജരാക്കുന്നതുവരെ 4,36,250/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള പദ്ധതി (75/23)

സെക്രട്ടറി നിർവഹണം ചെയ്ത ഈ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് അഞ്ച് ലാപ്ടോപ്പുകൾ വാങ്ങുന്നതിനായി ₹227255/- ചെലവഴിച്ചിട്ടുണ്ട്. ലാപ്ടോപ്പുകൾ GeM വഴിയാണ് വാങ്ങിയത്. ഡെൽ (Dell) എന്ന ബ്രാൻഡിന്റെ ലാപ്ടോപ്പാണ് (Vostro 3510, Core I3,Windows 11 Pro,8GB,512SSD) തെരഞ്ഞടുത്തത്. തുടർന്ന് പ്രോഡക്റ്റ്സ് താരതമ്യം ചെയ്യുന്നതിനായി തെരഞ്ഞെടുത്തത് Acer (Core I5 Model) ഉം HP (Core I5 Model) യുമാണ്. ഡെൽ (Dell) ന്റെ Core I3 മോഡൽ Acer, HP എന്നീ കമ്പനികളുടെ Core I5 മോഡലുകളുമായി താരതമ്യം ചെയ്തതിനാൽ ലാപ്ടോപ്പുകളുടെ വാങ്ങൽ നടപടിക്രമങ്ങളിലെ താരതമ്യപ്പെടുത്തൽ എന്ന ഘട്ടത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടുവെന്ന് കാണാവുന്നതാണ്. ആയതിനാൽ സാമഗ്രികൾ താരതമ്യ പഠനം നടത്തുമ്പോൾ ഒരേ സ്പെസിഫിക്കേഷനിലുള്ളവ തന്നെ തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബിഡ്ഡിംഗിലെ മത്സരം നഷ്ടപ്പെടുന്നതിനും അധിക ധനവ്യയത്തിനും കാരണമാവുകയും ചെയ്തേക്കാം.

1-27 Rtrack ആപ്ലിക്കേഷനിൽ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കൽ- പദ്ധതി പൂർത്തീകരിച്ചിട്ടില്ല

GIS Based Conncetivity Map And Digital Asset Register Preparation-R-Track

ദേലമ്പാടി ഗ്രാമപഞ്ചായത്തിലെ നിലവിലെ എല്ലാ റോഡുകളുടെയും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് പ്രോജക്ട് നം.242/23 ൽ തനതു ഫണ്ടിൽ നിന്നും ഒരു 48,000 രൂപ വകയിരുത്തിയിരുന്നു.

പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഫയലിൽ ഇല്ല. പേമെന്റ് വൗച്ചർ നം.22200947/13.02.2023 പ്രകാരം തനതു ഫണ്ടിൽ നിന്നും 24,160രൂപ പിൻവലിച്ച് രാഹുൽ.പി (4,530 രൂപ), ഗിരീഷ്.കെ.എൽ (4,530 രൂപ), രമേഷ്.സി.എച്ച് (3,020 രൂപ), ഉണ്ണികൃഷ്ണൻ.വി.ഡി (3,775 രൂപ), സുധാകരൻ.കെ (8,305രൂപ) എന്നിവരുടെ അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. 2022 ഡിസംബർ മാസത്തെ വിവിധ ദിവസങ്ങളിൽ ഇവർ അഞ്ചു പേരും ജോലി ചെയ്തതിനുള്ള നോമിനൽ മസ്റ്റർ റോൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ള ഏക രേഖ. ഈ മസ്റ്റർ റോൾ ആരും അധികൃതമാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

പ്രോജക്ടിന്റെ മറ്റു വിശദാംശങ്ങൾ ഫയലിൽ ഇല്ല. ഈ സാഹചര്യത്തിൽ പ്രോജക്ടിന്റെ ഭാഗമായി നിർവഹിച്ച പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാനും R-Track ൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ബോധ്യപ്പെടുത്താനും കരാർ രേഖകൾ ഹാജരാക്കാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32, തിയതി 20.09.2023) മറുപടി നൽകിയിട്ടില്ല.

മലപ്പുറം, കോഴിക്കോട്, വയനാട്, കാസറഗോഡ് ജില്ലകളിൽ വാർഷിക ബഡ്ജറ്റ് ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ പെടുന്ന ആസ്തികളായ റോഡ്. പാലങ്ങൾ, കെട്ടിടങ്ങൾ, പാർശ്വ ഭിത്തികൾ എന്നിവയുടെ ജിയോ ടാഗിംഗ്, മറ്റു വിവരങ്ങളും ശേഖരിച്ച് ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി KSREC യുമായി കരാറിൽ ഏർപ്പെട്ടു കൊണ്ട് 2022 നവംബർ 30 നകം പൂർത്തിയാക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 20.10,2022 ലെ നം.ഡി.ബി3-5525/20/സി.ഇ/തസ്വഭവ (Part B) സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ നിർദ്ദേശം നില നിൽക്കേയാണ് പഞ്ചായത്ത് ഇത്തരമൊരു പ്രോജക്ട് യാതൊരു വ്യക്തതയുമില്ലാതെ നിർവഹിച്ചതായി കാണുന്നത്.

പ്രോജക്ട് പൂർണമാകാത്തതു കൊണ്ടും നാളിതു വരെയുള്ള ചെലവ് ഫലപ്രാപ്തി കൈവരിക്കാത്തതിനാലും ചെലവ് തുക 24,160 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 തനതു വരുമാനത്തിന്റെ അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്തുകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും അവയിൽ നിക്ഷിപ്തമായ ചുമതലകൾ യഥാവിധി നിറവേറ്റുന്നതിനും പണം ആവശ്യമാണ്. കേന്ദ്ര-സംസ്ഥനസർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധന സഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമ നിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ.

<u>വസ്തു നികുതി</u>

മേൽപറഞ്ഞവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതി ചുമത്താവുന്നതും ശുചിത്വ പരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203ാം വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ദേലമ്പാടി ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി.

*<u>നികുതി വരുമാനം</u>*

വസ്തുനികുതി വരവാണ് ഗ്രാമപഞ്ചായത്തിന്റെ മുഖ്യ തനതു വരുമാനമാർഗ്ഗം. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി വരുമാനം (റസിഡൻഷ്യൽ, നോൺറെസിഡൻഷ്യൽ) 14,18,317

രൂപയാണ്. ഇതിൽ 99.67% തൻവർഷം പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്.

*ഇ പേയ്മെന്റ്*

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി നേരിട്ട് അടയ്ക്കുന്നതിനുള്ള സംവിധാനം നിലവിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലഭ്യമാണ്. ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ നികുതിയും ഇത്തരത്തിൽ ഓൺലൈനായി സ്വീകരിച്ചു വരുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ 37073715761 നമ്പർ ഇ-പെയ്മന്റ് അക്കൗണ്ടിലേക്കാണ് ഇത്തരത്തിൽ അടവാക്കുന്ന തുക വന്നു ചേരുന്നത്. തുക ഓൺലൈനായി അടവാക്കുമ്പോൾ തന്നെ സഞ്ചയയിൽ അതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുന്നുണ്ടെങ്കിലും അടവാക്കിയ തുക ഗ്രാമപഞ്ചായത്തിന്റെ ഇ-പേമെന്റ് അക്കൗണ്ടിലേക്ക് ലഭിക്കുന്നതിൽ വലിയ കാലതാമസം നേരിടുന്നുണ്ട്. ഓൺലൈൻ മുഖേന അടവാക്കപ്പെടുന്ന തുക ആദ്യം ഇൻഫർമേഷൻ കേരളമിഷന്റെ തിരുവനന്തപുരത്തുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പോവുകയും അവിടെ നിന്ന് ഐ.കെ.എം അതത് തദ്ദേശസ്ഥാപനങ്ങളിലേക്ക് തുക കൈമാറുന്നതിന് അനുസരിച്ച് മാത്രം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കപ്പെട്ടില്ലാത്തതിനാൽ ഓൺലൈനായി അടവാക്കപ്പെടുന്ന തുക സംബന്ധിച്ച് ഐ.കെ.എം നൽകുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി വീണ്ടും റസീപ്റ്റ് എൻട്രി നടത്തിയാൽ മാത്രമേ തുക ഐ.ൽ.ജി.എം.എസിൽ വരവായി രേഖപ്പെടുത്തപ്പെടുന്നുള്ളൂ.

*2023 – 24 ലെ നികുതി പരിഷ്കരണം*

22.03.2023ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 29.05.2023 ലെ 01/18/2023 നമ്പർ തീരുമാന പ്രകാരം അന്തിമമാക്കി തീരുമാനിക്കുകയും 11.08.2023 ന് പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും വാർഷിക വസ്തു നികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലിരുന്ന നികുതിയുടെ 5 ശതമാനം വീതം വർദ്ധനവ് വരുത്തി അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരിക്കേണ്ടതാണെന്ന് മേൽ ഉത്തരവിലെ ഖണ്ഡിക (1)ൽ നിർദ്ദേശിച്ചിട്ടുണ്ട്. അതു പ്രകാരം സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തി ക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്ന 9എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന മേൽ ഉത്തരവിലെ ഖണ്ഡിക 5ലെ നിർദ്ദേശം ഇതു വരെ പാലിക്കപ്പെട്ടിട്ടില്ല.

*ഫീൽഡ്തല പരിശോധനകൾ*

വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടങ്ങളിൽ നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്തി ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തുന്നതിനും, അനധികൃതമായി നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയിക്കപ്പെടാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി അവയെല്ലാം വസ്തുനികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് ആരംഭിച്ചിട്ടില്ല.

*സേവന ഉപനികുതി*

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ്

എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല.

*ഓഡിറ്റ് നിർദ്ദേശങ്ങൾ*

1.ഇ-പെയ്മെന്റ് തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള കാലതാമസം ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്.

2.സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

3. ഏപ്രിൽ 1, 2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.

4.ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

5.നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നിലവിലെ പരിശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതും, നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ട് എന്ന് കാലാകാലങ്ങളിൽ ഉറപ്പു വരുത്തേണ്ടതുമാണ്.

6.വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

തൊഴിൽ നികുതി.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2).കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും

കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടും അല്ലെങ്കിൽ കൈവശക്കാരനോട്ടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

മറ്റിനങ്ങൾ.

പഞ്ചായത്ത് പരിധിയിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും വാർഡടിസ്ഥാനത്തിൽ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഓഡിറ്റ് വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 17 മീറ്റിംഗുകളാണ് കൂടിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ചുള്ള ആലോചനകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ആട് വളർത്തൽ വനിതകൾ (ജനറൽ) പദ്ധതി ഗുണഭോക്താവിന് സബ്സിഡി തുക അധികം അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നം. | S0203/23 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആട് വളർത്തൽ വനിതകൾ (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി ദേലംപാടി |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ ) - 10,000/- |
| ചെലവ് തുക | വികസന ഫണ്ട് (ജനറൽ ) - 10,000/- |
| ബിൽ റഫറൻസ് നമ്പർ, തീയതി. | 2220025201170052 7108, തീയതി.13.09.2022, Rs.10,000/- |

വെറ്റിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പാക്കിയ ആട് വളർത്തൽ വനിതകൾ (ജനറൽ)പദ്ധതി പ്രകാരം 10,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ആസിയമ്മ W/o അബ്ദുൾ ഗഫൂർ, അഡുക്കം വീട് ഉർദൂർ പി.ഒ, അഡൂർ എന്ന ഗുണഭോക്താവ് ഫാത്തിമത്ത് ഷംസീന D/o അബ്ദുൾ ഗഫൂർ, അഡുക്കം വീട് അഡൂർ എന്ന വ്യക്തിയിൽ നിന്നും 2 ആടുകളെ വാങ്ങിയതിന് 20,000/-രൂപ കൈപ്പറ്റിയിട്ടുണ്ട്. സ.ഉ.(കൈ) നം.115/2022/LSGD, 28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.3(3) പ്രകാരം 50 % സബ്സിഡി അനുവദിക്കാവുന്നതാണ് എന്നും യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 04.06.2022 ലെ വികേന്ദ്രീകാസൂത്രണ പദ്ധതികളുടെ ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ പ്രകാരം 1 ആടിന്റെ വില 8,000/-രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം 50 % സബ്സിഡി തുകയായ 4,000/-രൂപയാണ് അനുവദിക്കാവുന്നത്. ഇത് പ്രകാരം 2 ആടുകളെ വാങ്ങിയ ആസിയമ്മ എന്ന വ്യക്തിക്ക് അനുവദിക്കാവുന്ന സബ്സിഡി തുക 8,000/-രൂപ മാത്രമാണ്. എന്നാൽ ആടിനെ വിറ്റ ഫാത്തിമത്ത് ഷംസീന D/o അബ്ദുൾ ഗഫൂർ എന്ന വ്യക്തിക്ക് ബിൽ നമ്പർ.2220025201170052 7108, തീയതി.13.09.2022 പ്രകാരം 10,000/-രൂപ അനുവദിച്ചിട്ടുണ്ട്. (അക്കൗണ്ട് നം.40451101007310). പദ്ധതി മാർഗ്ഗരേഖയ്ക്കും, വികേന്ദ്രീകാസൂത്രണ പദ്ധതികളുടെ ജില്ലാതല യൂണിറ്റ് കോസ്റ്റിനും വിരുദ്ധമായി 2,000/-രൂപ അധികമായി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 18.09.2023 ന് നൽകിയ 30-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികമായി അനുവദിച്ച 2,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2022-23 | 12.09.2023 മുതൽ 14.09.2023 വരെ | ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-1, അനുബന്ധം 1 എന്നിവയിൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രൊജക്ടിന്റെ നമ്പർ/പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 101/23 – ഞങ്ങളും കൃഷിയിലേക്ക് - പോഷകവാടി | 15000 | 15000 | 0 |
| | | 91/23 – നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 205952 | 205952 | 0 |

| | | | | | |
|---|---|---|---|---|---|
| | | 87/23 – ലൈഫ് ഭവന പദ്ധതി വിഹിതം നൽകൽ, എസ്.ടി | 562000 | 562000 | 0 |
| | | 103/23- ലൈഫ് ഭവന പദ്ധതി വിഹിതം പട്ടിക ജാതി | 450000 | 450000 | 0 |
| | | 14/23- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 56000 | 56000 | 0 |
| | | 123/23- ഗോത്രസാരഥി | 122420 | 122420 | 0 |
| | | 188/23- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 200000 | 0 |
| ആകെ തുക | | | 1611372 | 1611372 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 101/23 – ഞങ്ങളും കൃഷിയിലേക്ക് - പോഷകവാടി | 30000 | 30000 | 0 |
| | | 91/23 – നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 183500 | 183500 | 0 |
| | | 3/23- സാന്ത്വന പരിചരണ പദ്ധതി (ഡ്രൈവർ, നഴ്സ് എന്നിവരുടെ ശംബളം മറ്റിനങ്ങൾ) | 86572 | 86572 | 0 |
| | | 87/23 – ലൈഫ് ഭവന പദ്ധതി വിഹിതം നൽകൽ, എസ്.ടി | 2923202 | 2923202 | 0 |
| | | 103/23- ലൈഫ് ഭവന പദ്ധതി വിഹിതം, പട്ടിക ജാതി | 450000 | 450000 | 0 |
| | | 14/23- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 100000 | 100000 | 0 |
| | | 126/23- സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം | 992788 | 992788 | 0 |
| | | 188/23- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 50000 | 50000 | 0 |
| ആകെ തുക | | | 4816062 | 4816062 | 0 |

## 4-3 ഡിപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രൊജക്റ്റിന്റെ പേര് | വൗച്ചർ നമ്പർ/ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെവഴിക്കുവാൻ അവവേശിക്കുന്നതുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ഭവന പദ്ധതി | ജി.ഒ. (എം.എസ്) നം. 68/ 2018/ ത.സ്വ.ഭ.വ., തിയതി 18.05.2018 | 17990000 | 42,91,881 + 1,12,70,000(തൻവർഷം ലഭിച്ചത്) ആകെ 1,55,61,881/- | 26,34,410 | 0 | 12927471 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച രൂപയുടെ വിശദാംശങ്ങൾ

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-2015 | 2-2 | 2016-2017 | അദ്ധ്യായം1 അനുബന്ധം3 | വസ്തുനികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. |
| 2014-15 | 2-1 | 2016-17 | അദ്ധ്യായം 2 അനുബന്ധം4 | തൊഴിൽ നികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. |
| 2015-2016 | 2.3,2.4 | 2016-2017 | അദ്ധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. |
| 2015-16 | 3-3 | 2016-17 | അദ്ധ്യായം 6 (ബി) | ആശ്രയ പദ്ധതി - അർഹരായ ഗുണഭോക്താക്കളും, ഫണ്ടും, ലഭ്യമായിട്ടും പദ്ധതി നടപ്പിലാക്കുന്നില്ല | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക - ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ/ഈടാക്കുവാൻ അവശേഷിക്കുന്ന തുക - ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,89,73,476 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,14,75,626 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,25,975/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-1 | 2,000/- |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 27,084 | ഡോ.രേഖ.എസ്.കെ, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-14 | 3,00,000 | ദേവ് ലാൽ, സെക്രട്ടറി |
| 1-17 | 99,940 | ദീപക് നായർ.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-18 | 1,22,450 | ദീപക് നായർ.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-19 | 8,00,000 | ശ്വേതശ്രീ മോഹനൻ, കൃഷി ഓഫീസർ |
| 1-20 | 5,53,000 | ദീപക് നായർ.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 68,175 | ശ്വേതശ്രീ മോഹനൻ, കൃഷി ഓഫീസർ |
| 1-22 | 21,024 | ശ്വേതശ്രീ മോഹനൻ, കൃഷി ഓഫീസർ |
| 1-23 | 75,000 | ശ്വേതശ്രീ മോഹനൻ, കൃഷി ഓഫീസർ |
| 1-24 | 1,98,892 | ദീപക് നായർ.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 4,36,250 | ദീപക് നായർ.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 24,160 | റോയ് മാത്യു, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 27,25,975/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | ഇല്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുധി സുകുമാരൻ<br>വെറ്ററിനറി സർജൻ (ഇൻ ചാർജ്ജ്) | സുധി സുകുമാരൻ<br>വെറ്ററിനറി സർജൻ(ഇൻ ചാർജ്ജ്)<br>ദേലംപാടി ഗ്രാമ പഞ്ചായത്ത് | സുധി സുകുമാരൻ<br>ഉടുമ്പുംകുഴിയിൽ ഹൗസ്<br>മേക്കടമ്പ് പി.ഒ<br>മൂവാറ്റുപുഴ<br>എറണാകുളം ജില്ല.<br>പിൻ.9744592941 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-2006 | കെ.എസ്.എ/കെ.എസ്.ഡി.7-857 /2022(6)തിയ്യതി.30.09.2022 | 5 |
| 2006-2007 | കെ.എസ്.എ/കെ.എസ്.ഡി.7-857 /2022(7)തിയ്യതി.30.09.2022 | 1 |
| 2007-2008 | കെ.എസ്.എ/കെ.എസ്.ഡി.7-857 /2022(8)തിയ്യതി.30.09.2022 | 2 |
| 2008-2009, 2009-2010 & 2010-2011 | കെ.എസ്.എ/കെ.എസ്.ഡി.7-857 /2022(9)തിയ്യതി.30.09.2022 | 6 |
| 2012-13, 2013-14 | കെ.എസ്.എ/കെ.എസ്.ഡി.7-857 /2022(11)തിയ്യതി.30.09.2022 | 8 |
| 2014-15 | കെ.എസ്.എ/കെ.എസ്.ഡി.7-1014/15 തിയതി.13-10-15 | 15 |
| 2015-16 | കെ.എസ്.എ/കെ.എസ്.ഡി. 7/857/2022(12)തിയ്യതി:30.09.2022 | 9 |
| 2016-17 | കെ.എസ്.എ/കെ.എസ്.ഡി.7-857 /2022(13)തിയ്യതി.30.09.2022 | 9 |
| 2017-18 | കെ.എസ്.എ/കെ.എസ്.ഡി.7-857 /2022(14)തിയ്യതി.30.09.2022 | 5 |
| 2018-19 | കെ.എസ്.എ/കെ.എസ്.ഡി.7-857 /2022(15)തിയ്യതി.30.09.2022 | 3 |
| 2019-20 | കെ.എസ്.എ/കെ.എസ്.ഡി.7-604 /2021തിയ്യതി.28.09.2021 | 27 |
| 2020-21 | കെ.എസ്.എ/കെ.എസ്.ഡി.7-604 /2021(13)തിയ്യതി.28.09.2021 | 53 |
| 2021-22 | കെ.എസ്.എ-കെ.എസ്.ഡി-7/177/2023, തീയതി.30.03.2023 | 27 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 8/140/2023 dated 14-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Delampady Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Delampady Grama Panchayat for the year 2022-2023

Date: 08/11/2023

Deputy Director
District Office Kasaragod
Kerala State Audit Department

## Audit Report appended to the Audit Certificate of Delampady Grama Panchayat for the Year 2022-2023.

**1.Major Observations**

Valuation of assets has not been done. The asset register has not been updated. There is no uptodate asset data base in the Panchayat. Hence the accuracy of the assets reflected in the Balance Sheet could not be commented upon.

**2.Other Observations**

a) Notes on accounts including significant accounting policies, contingent liabilities, financing reports and other disclosures etc., as per Rule 62 (e) of Kerala Panchayath Raj Accounts Rules 2011, are not prepared and included with the financial statements.

b) Basic ratios as per rule 62 (f) of Kerala Panchayath Raj Accounts Rules 2011 are not included.

c) The amount recorded as "Net increase in cash and cash equivalence" in the cash flow statement (7497850/-) and the amount recorded as "Net cash generated by Operating+ Investing+Financing Activity" (A+B+C) in the same statement (-361835/-) are not equal. Therefore, the total cash flow for the year in the cash flow statement does not match with the difference amount of opening and closing balance of the financial year.

d) Appropriation Control Register and Project Expenditure statement do not match in respect of the following funds, namely, Development Fund- General, Development Fund- T.S.P, Central Finance Commission Fund and Maintenance Fund -Road.

e) E payment amount of Rs.1,433 remains uncredited in the bank account till date.

f) An amount of Rs. 24,730/- , which has not been credited to the bank account (SBI E payment account Number 37073715761) till date has been recorded in the reconciliation statement as withdrawn directly from the bank.

g) Details of the amount of rupees 2,000 /- which has not been credited to the Kerala Grameen Bank (account no.40451100006878) account are not available.

h)An amount of Rs. 96664/- remains unspent over the years in the head Beneficiary Contribution.

i) Advances amounting to Rs.12,98,632 under various heads were found neither timely adjusted nor recovered, as per Schedule B18 of the Balance sheets.

j) Details of Rs.62,544 remaining under the head Liability in respect of stale Cheques are not made available

k) Details of outstanding amounts over the years as liability in various deposit heads (Contractors EMD, Suppliers EMD, Bidders EMD, Suppliers security deposit, Election deposit, Rent deposit, Auction deposit, Other deposits) are not made available

l) Details of outstanding liability amounts over the years as per Schedule B-9 of the annual financial statement under the heads Recovery - co-operative society & co-operative banks, Other recoveries, VAT, Flood Cess, Refund, Court fee stamp and Other creditors are not made available.

m) Interest amount of Rs. 7,702/- credited in Jalanidhi Account is not posted to the Jalanidhi fund.

n) The DCB (current & arrear) of property tax does not match.

o) Income from Penalty interest is recorded as rental income.

p) An amount of Rs. 200/- received as donation is deposited in own fund account. instead of distress relief fund account.

q) Auction amount recorded as liability in the head- auction deposit is not converted to income.

r) Receipt details of Rs. 6,916/- in *Other User Charge* item are not made available for verification.

s) Accumulated depreciation of other fixed assets is more than the asset amount.

t) Demand entry of accrual items not recorded in time.

Date: 08/11/2023

Deputy Director
District Audit Office, Kasaragod
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ ദേലംപാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Delampady Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2264757.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 700973.00 |
| 140000000 | Fee & User Charges | I-4 | 321974.00 |
| 150000000 | Sale & Hire Charges | I-5 | 595830.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 146302315.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 220433.00 |
| 180000000 | Other Income | I-9 | 485.00 |
| 190000000 | Prior Period Income | I-19 | 6067.00 |
| | Total Income | | 150406767.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 10861754.00 |
| 220000000 | Administrative Expenses | I-11 | 495712.00 |
| 230000000 | Operations & Maintenance | I-12 | 591971.00 |
| 240000000 | Interest & Finance Charges | I-13 | 1455.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6567537.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 43539418.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 8071229.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 39389973.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 33825400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1592203.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 0.0 |
| | Total Expenditure | | 144936652.00 |
| | Gross Surplus / Deficit of income over Expenditure | | 5470115.00 |
| | Gross Surplus / Deficit of income over Expenditure | | 5457832.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -18350.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -12283.00 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## അനുബന്ധം - 4
## റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Delampady Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16396056.00 |
| Cash | Cash | RP-40(a) | 22594.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 662180.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3000.00 |
| 140000000 | Fees & User Charges | RP-4 | 271974.00 |
| 150000000 | Sale & Hire Charges | RP-5 | 595830.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11400000.00 |
| 171000000 | Interest Earned | RP-9 | 220433.00 |
| 190000000 | Prior Period Income | RP-11 | 3531.00 |
| 210000000 | Establishment Expenses | RP-12 | 5346.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 18350.00 |
| 311000000 | Earmarked Funds | RP-28 | 1420.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 19711860.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 14403082.00 |
| 460000000 | Loans, Advances and Deposits | RP-49 | 22000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 485.00 |
| 330000000 | Secured Loans | RP-31 | 11270000.00 |
| 340000000 | Deposits Received | RP-33 | 172893.00 |
| 350000000 | Other Liabilities | RP-35 | 211092.00 |
| | Grand total | | 75392126.00 |
| | PAYMENTS | | |
| | Operating | | |

| | | | |
|---|---|---|---|
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 24160.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9505604.00 |
| 460000000 | Loans, Advances and Deposits | RP-49 | 2180958.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 34189.00 |
| 350000000 | Other Liabilities | RP-35 | 39730715.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| Bank | Bank | RP-40(b) | 23872076.00 |
| Cash | Cash | RP-40(b) | 44424.00 |
| | Grand Total | | 75392126.00 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## അനുബന്ധം - 5
## ബാലൻസ് ഷീറ്റ്

| Delampady Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31.03.2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 6511114.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1420.00 |
| 312000000 | Reserves | B-3 | 89844393.00 |
| | Total Reserve & Surplus | | 96356927.30 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 20167392.00 |
| | Total Grants, Contributions for Specific Purposes | | 20167392.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 12927471.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 12927471.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 808195.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2674183.30 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3482378.30 |
| | TOTAL LIABILITIES | | 132934168.60 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 413664.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2765291.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 40043230.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 131783180.00 |
| 416000000 | Accumulated Depreciation | B-11(a) | -90416362.00 |
| | Total Fixed Assets | | 84589003.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 4290.00 |
| 431000000 | Sundry Debtors (Receivables) | B-15 | 10502205.60 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 11197727.00 |
| 450000000 | Cash and Bank Balance | B-17 | 23916500.00 |
| 460000000 | Loans, Advances and Deposits | B-18 | 2724443.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 48345165.60 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 132934168.60 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്